# കടൽയാത്ര

കയ്യു കടഞ്ഞിട്ടു വയ്യെനിക്കെ,ന്നല്ല
മെയ്യു മുഴുവനും വേവുന്നു
കണ്ണീർക്കടലിൽ ചരിക്കുന്ന തോണിയിൽ
നിന്നു തുഴകയാണിന്നും ഞാൻ.

കുത്തിയിരുന്നുപോയെങ്കിലോ, ലക്ഷ്യത്തി–
ലെത്തലെന്നുള്ളതേയില്ലല്ലോ.
വിഭ്രാന്തികൊള്ളും കടലിൻ നടുക്കുള്ള
വിശ്രമം വിശ്രമമല്ലല്ലോ.

മറിയുമേ തോണിയാച്ചീറിവരുന്ന വൻ–
തിരയിലെന്നെപ്പൊഴും തോന്നുന്നു,
അരികിലെത്തുമ്പൊഴേയ്ക്കാത്തിരയും താണു
നുരയായിത്തീരുന്നുണ്ടെന്നാലും.

കാണികൾ തമ്മിൽ പറകയാ ''ണ,സ്സലായ്–
ത്തോണി തുഴയുന്നുണ്ടദ്ദേഹം.''
തുഴയുന്നതെൻമിടുക്കല്ലിതെന്നോതാനെൻ
കുഴയുന്ന നാവുണ്ടേ വെമ്പുന്നു.

പൂതലിപ്പാർന്ന മരത്തടികൊണ്ടുള്ള
പോതത്തിലല്ല മത്സഞ്ചാരം;
കണ്ണുനീർ തോരാത്ത പൂർവികന്മാരുടെ
പുണ്യത്തിലാണ,തേ യാഥാർത്ഥ്യം.

പത്നിയിൽനിന്നു പറിച്ചെടുക്കായൊരു
പണ്ടത്താൽ തീർപ്പിച്ച പൊന്നോടം
ദാനനീരിൽച്ചേർത്തൊഴുക്കിയെൻ പൂർവ്വികൻ;
ഞാനതിൻകൊമ്പത്തു ഭൂജാതൻ.
ഉരിയാടിക്കേട്ടേനക്കാരണവർക്കു വൈ–
തരണി കടക്കാനാപ്പൊൻതോണി;
പൊരുളറിയുന്നതെൻ തോണിക്കു മുന്നിൽ വൻ–
തിരകൂടി വന്നു നമിക്കുമ്പോൾ.

കണ്ണീർക്കടലിൽ ചരിക്കുമിത്തോണിയിൽ
നിന്നു തുഴയും ഞാനെന്നെന്നും.
എത്തണം ലക്ഷ്യത്തിലൊന്നുകിൽ, തോണിയിൽ
ചത്തു വീഴട്ടെ ഞാനല്ലെങ്കിൽ!

ബാലാർക്കരശ്മിപോൽക്കുഞ്ഞിക്കൈ നീട്ടിയെൻ
കാലിന്മേൽക്കെട്ടിപ്പിടിച്ചോരേ,
''ഞാൻ തുഴയാമച്ഛാ, ഞാൻ തുഴയാ''മെന്നു
പൂന്തിങ്കൾച്ചാറു പൊഴിപ്പോരേ,

നിത്യപ്രസാദത്തിന്നംശാവതാരങ്ങൾ
നിങ്ങളിത്തോണിയിലുള്ളപ്പോൾ
ശക്തിക്ഷയത്താൽക്കരയുകയില്ല ഞാൻ,
ലക്ഷ്യത്തിലെത്താതിരിക്കില്ല!

# പൗരന്റെ നെഹ്റു

വിനയംകൊണ്ടല്ലെങ്കിൽ വിധികൊണ്ടായ്ക്കൊള്ളട്ടെ,

വിളിച്ചുപറഞ്ഞീലിദ്ദിവസംവരെയും ഞാൻ:

രാജഘട്ടിൽച്ചെന്നന്ത്യവിശ്രമംകൊള്ളും സ്നേഹ–
രാജഹംസം നീയെന്റെകൂടിയായിരുന്നല്ലോ!

ശരിയാണൊ,ന്നും സംസാരിച്ചീല തമ്മിൽക്കണ്ടു
പിരിഞ്ഞ സുദുർല്ലഭനിമിഷങ്ങളിൽ നമ്മൾ;

ഒരുമിച്ചൊരിക്കലും നടന്നീലി,രുന്നീല,
ഒരുമിച്ചുറങ്ങീല, തിന്നീല, കുടിച്ചീല

അങ്ങതൻ കോടിച്ഛായാപടത്തിലൊന്നിൽപ്പോലും
തങ്ങീലെൻ ശിരസ്സിന്റെ നിഴലെങ്കിലും ശ്രീമൻ,

ഒരിക്കൽപ്പോലും ഭവദ്വിഗ്രഹത്തെ ഞാൻ ചൂണ്ടു–
വിരലിന്നറ്റംകൊണ്ടും തൊട്ടീലെങ്കിലും ശ്രീമൻ,

ദൂരെയാക്കാശ്മീരിലെപ്പൊയ്കയിൽ വിടർന്ന ചെ–
ന്താരുപോൽശ്ശോണാഭമാം ഭാവത്കവദനത്തെ,

അതിൽനിന്നമൃതംപോലുതിരും കാരുണ്യത്തെ
മതിയെന്നിയേ പാനംചെയ്തു ഞാൻ നിന്നേനല്ലോ!

കൂറിനേനവിടുത്തെത്തവിട്ടുകുപ്പായത്തിൽ–
ക്കുത്തിയ പനിനീർപ്പൂ കണ്ടപ്പൊഴെല്ലാമേവം,

''പുണ്യമേ ഭവജ്ജന്മം സൂനമേ, വിശ്വസ്നേഹ–
ധന്യമീ ഹൃത്തിൻചൂടേറ്റിരിക്കാൻ സാധിച്ചല്ലോ!''

ഈന്തുപട്ടകൾ, കുലവാഴകൾ, ചെന്തെങ്ങിള–
ന്നീർക്കുടങ്ങളും ചാർത്തിക്കവുങ്ങിന്നലകുകൾ

ചൂടികൊണ്ടെന്നും നമ്മെ വേർപെടുത്താറുണ്ടെങ്കിൽ–
കൂടിനാ,മറിയാതെ വിടരും സ്മിതങ്ങളാൽ.

അറിഞ്ഞൂ, തമ്മിൽപ്പുല്കിക്കുതിരും മിഴികളാൽ,
അറിയാതവനമ്രമായ്ത്തീരും ശീർഷങ്ങളാൽ,

മുകുളീഭവിക്കുന്ന കൈപ്പടങ്ങളാൽ,സ്വച്ഛ–
മുകുരങ്ങളായ് മിന്നും മാനസങ്ങളാൽ നമ്മെ.

ആരെല്ലാമെന്നോടലിവില്ലായ്മ കാണിച്ചാലും
ധീരനായിരുന്നൂ ഞാനവിടുന്നുയിർക്കൊൾകെ:

കരുത്തുണ്ടവിടേയ്ക്കെൻ മൗഢ്യത്തിൻചാപല്യത്തെ–
പ്പൊറുക്കാനകളങ്കരച്ഛനമ്മമാർപോലെ!

''ഒന്നാണു നീയും ഞാനുമൊന്നാണു നീയും ഞാനു''–
മെന്ന നിർവൃതി മിന്നിത്തിളങ്ങും വിഹായസ്സിൽ

എന്റെയെന്നല്ലീ, രാജ്യത്തിന്റെയെന്നല്ലീ, ലോക–
ത്തിന്റെതന്നെയും ഭീതി മുഴുവൻ ലയിച്ചല്ലോ!

വിനയം കൊണ്ടല്ലെങ്കിൽ വിധികൊണ്ടായ്ക്കൊള്ളട്ടേ
വിളിച്ചുപറവേനി ദിവസം നടാടെ ഞാൻ

രാജഘട്ടിൽച്ചെന്നന്ത്യ വിശ്രമംകൊള്ളും സ്നേഹ–
രാജഹംസം നീയെന്റെ കൂടിയായിരുന്നല്ലോ

കണ്ണുനീർപ്രതിമ ഞാനിങ്ങിരിക്കുമ്പോൾ, ദൂരേ
കരയും യമുനതന്നൂഷ്മളപുളിനത്തിൽ

ആർതൻകണ്ണടഞ്ഞപ്പോൾ പ്പൊലിഞ്ഞൂ വെളിച്ചം പ,–
ണ്ടാ മഹാത്മാവിൻ നിത്യതൽപ്പത്തിന്നുപാന്തത്തിൽ

പൊലിഞ്ഞ വെളിച്ചത്തെ സ്വന്തരക്തത്തിൻചൂടാൽ
കൊളുത്തീടിന ഭാഗ്യയുഗസൂര്യൻതൻബിംബം.

ഒരു കോടി നേത്രങ്ങളൊന്നിച്ചു തൂകും ബാഷ്പ–
ഝരിയിൽ സ്നാതം ഭവത് പാഞ്ചഭൗതികരൂപം.

ഘൃതചന്ദനകർപ്പൂരങ്ങൾതൻ സംഗത്താലു–
ദ്ധൃതജിഹ്വമാം ജാതവേദസ്സിൽദ്ദഹിക്കുമ്പോൾ,

ഹിന്ദുസ്ഥാനെയർക്രാഫ്റ്റിൽ വിരിഞ്ഞ മഹേച്ഛക–
ളന്തരീക്ഷത്തിൽച്ചുറ്റിപ്പുഷ്പങ്ങൾ വർഷിക്കുമ്പോൾ.

ആസേതുഹിമാചലം മാത്രമല്ലി,പ്പാരിന്മേ–
ലാൾപ്പാർപ്പുള്ളിടത്തെങ്ങും കറുപ്പുതുണികളാൽ

അവസാനമില്ലാത്ത കൃഷ്ണപക്ഷാരംഭത്തെ–
യറിയിച്ച, ശോകചക്രാങ്കിതപതാകകൾ

ശോകഭാരത്താൽ മുഖം കുനിച്ചു നിന്നിടുമ്പോൾ,
മൂകമൂകമായ്,പ്പക്ഷേ, മുഴങ്ങും കണ്ഠത്തോടെ,

വിനയംകൊണ്ടല്ലെങ്കിൽ വിധികൊണ്ടായ്ക്കൊള്ളട്ടെ,
വിളിച്ചുപറവേൻ ഞാൻ, കേൾപ്പിതോ ഭവാൻ, ശ്രീമൻ?

''രാജഘട്ടിൽച്ചെന്നന്ത്യവിശ്രമംകൊള്ളും സ്നേഹ–
രാജഹംസം നീയെന്റെകൂടിയായിരുന്നല്ലോ!''

# നെഹ്റുവമ്മാമൻ

പണ്ഡിത്ജവാഹർലാൽ നെഹ്റു മരിച്ച നാ–
ളുണ്ടില്ല രാത്രിയിൽ കൊച്ചുകൃഷ്ണൻ.

അത്താഴപ്പട്ടിണിയാക്കരുതുണ്ണിയെ–
ന്നമ്മ ശാസിച്ചപ്പോൾ മാത്രമല്ലോ

അമ്മകൻ മിണ്ടിയ, ''തമ്മേ, ശരിക്കുമെ–
ന്നമ്മാമനിന്നു മരിച്ചുപോയി!''

തന്മകൻതാനോ മൊഴിഞ്ഞതാ വാക്യമെ–
ന്നമ്മയ്ക്കു സംശയമങ്കുരിച്ചു.

പിന്നീടൊരക്ഷരം ശബ്ദിച്ചിടാതവർ
കിണ്ണങ്ങൾ മോറുവാൻ പൊയ്ക്കളഞ്ഞു.

കണ്ണീരിൽ മുങ്ങിക്കുളിച്ചിടുമുണ്ണിയോ,
കട്ടിള ചാരിയിരുന്നുറങ്ങി.

ജോലി കഴിഞ്ഞു വന്നമ്മ, തന്നുണ്ണിതൻ
നീലക്കൺപോള തുടച്ചശേഷം

വാതിലടച്ചിരുകൈകൊണ്ടുമുണ്ണിയെ
വാരിയെടുത്തുചുമലിലിട്ടു,

പാളവിശറിയെടുത്തു വീശി, പുല്ലു–
പായ വിരിച്ചു കിടത്തി മെല്ലേ.

ഒട്ടേറെ നേരമാക്കുഞ്ഞിൻമുഖത്തുതാ–
നുറ്റുനോക്കിക്കൊണ്ടിരുന്നശേഷം

ചാരത്തവനെപ്പിടിച്ചുപൂട്ടിക്കൊണ്ടു
ചാഞ്ഞു കിടന്നു മയങ്ങീതമ്മ.

ഃഃഃ

നേരം പുലരുമാറായിതോ? നിശ്ചയം
പോര; തൻകുഞ്ഞിന്റെ തേങ്ങൽ കേൾക്കേ

അമ്മ നടുങ്ങിപ്പിടഞ്ഞെണീറ്റൂ; മകൻ
ചമ്രം പിടഞ്ഞൂണ്ടിരിപ്പൂ മുന്നിൽ!

''എന്തു പറ്റീ നിനക്കെ?'' ന്നമ്മ ചോദിക്കേ
സന്തുഷ്ടനായ്ച്ചൊല്ലീ കൊച്ചുകൃഷ്ണൻ:

''കണ്ണുകൊണ്ടമ്മേ, ഞാൻ നെഹ്റുവമ്മാമനെ–
ക്കണ്ടൂ കുറച്ചിട മുമ്പിവിടെ.

ഉണ്ടായിരുന്നൂ ശിരസ്സിൽ ഖദർത്തൊപ്പി;
കണ്ടു ഞാൻ മാറത്തെച്ചെമ്പനീരും.

'കണ്ണീരിൽ മുങ്ങുന്നതെന്തിനാണുണ്ണി?' എ–
ന്നെന്നോടാരാഞ്ഞിതാ സ്നേഹമൂർത്തി.

മന്താരപ്പൂപോൽച്ചിരിച്ചുകൊണ്ടേ,ൻ പുറം
ചെന്തളിർക്കൈയാൽത്തഴുകിക്കൊണ്ടും.

ഒച്ച പൊങ്ങീലെനിക്കാനന്ദപൂരത്താ–
ലൊന്നും പറവാൻ കുറച്ചുനേരം.

'അമ്മാമനിപ്പോഴും ജീവിച്ചിരിക്കുന്നു–
ണ്ടല്ലി?' എന്നാരാഞ്ഞൂ ഞാനൊടുവിൽ.

പൊട്ടിച്ചിരിച്ചുപോയമ്മാമൻ; പെട്ടെന്നു
കെട്ടിപ്പിടിച്ചുപോയെന്റെ ദേഹം.

ഉമ്മവെച്ചോതി: 'ഞാനെന്നും മരിക്കയി–
ല്ലുണ്ണി, നീ ജീവിച്ചിരിപ്പുണ്ടെങ്കിൽ!'

ഞെട്ടിയുണർന്നു ഞാൻ: അപ്പൊഴോ, ചുറ്റിലും
കട്ടിയിരുട്ടല്ലാതൊന്നുമില്ല!

വിമ്മിക്കരഞ്ഞുപോയമ്മേ, ഞാൻ, പേടിച്ച–
ല്ലമ്മാമൻ പോയെന്ന സങ്കടത്താൽ!''

ഇത്രയും കേട്ടപ്പോളമ്മയ്ക്കും കണ്ണുനീർ–

കുത്തു തടുക്കുവാൻ വയ്യാതായി:

'ആ മഹാത്മാവിന്റെ പെങ്ങൾ ഞാ'നെന്നോർത്തു
രോമാഞ്ചമാർന്നിതാ സ്ത്രീഹൃദയം.

അപ്പൊഴേയ്ക്കും മകനാരാഞ്ഞു കണ്ണീരി–
ലാണ്ടുപോമമ്മയോടീ വിധത്തിൽ:

''അമ്മാമൻ ചൊന്നതിന്നർത്ഥമെന്താണമ്മേ,
അമ്മയ്ക്കറിയാതിരിക്കയില്ല!''

'എന്തു മറുപടി ചൊല്ലേണ്ടൂ ഞാ'നെന്ന
ചിന്തയിലമ്മ തളർന്നുപോകേ,

അമ്മതൻനെഞ്ചിലെശ്ശീതള സ്നേഹമേ–
റ്റമ്മകൻ വീണ്ടുമുറക്കമായി.

# മഹാബലിയുടെ ദിവസം

വണ്ടു പണ്ടുതൊട്ടുള്ള പതിവാണെങ്കിൽക്കൂടി–

യുണ്ടിതിലൊരജ്ഞേയനിത്യനൂതനതത്ത്വം:

വരുന്നൂ മഹാബലിയെന്നു കേട്ടിതാ, കണ്ണു
തുറന്നൂ വയലിലും തോപ്പിലും മലയിലും

ആയിരം നിഷ്കന്മഷ സ്നേഹഭംഗികൾ, തീരാ–
റായൊരീ വർഷർത്തുവിൽപ്പിറന്ന സൗരഭ്യങ്ങൾ!

കാക്കപ്പൂക്കളും നെല്ലിപ്പൂക്കളും കണ്ണാന്തളി–
പ്പൂക്കളും മിഴികളാൽ പ്പൂജിക്കയാണിന്നെന്നെ;

കുളിപ്പിക്കയാണെന്നെ ത്തുമ്പയും പൂവാങ്കുറു–
ന്തലയും മുക്കുറ്റിയുമപ്പയും വിശ്വാസത്തിൽ.

കണ്ടിട്ടില്ലിവരെന്നെ മുമ്പി,നി വരുന്നാണ്ടിൽ–
ക്കാൺകെയില്ലി,വരെനിക്കാരുമല്ലെ,ങ്കിൽക്കൂടി.

ഇവർതൻ നിരുദ്ദേശ സ്നേഹത്തിൻ പ്രവാഹത്താ–
ലിരുളറ്റതായെത്ര പെട്ടെന്നെന്നന്തർല്ലോകം!

വൃദ്ധനും വിരൂപിയും ഭ്രഷ്ടനുമല്ലാ, സ്നേഹ–
ബദ്ധനീബ്ബലി സ്വന്തം ഭൂമിയിൽച്ചവിട്ടുമ്പോൾ;

ക്രൂദ്ധനും ഭഗ്നാശനും ദുഃഖിയും ശങ്കാലുവു–
മുദ്ധതനുമല്ലിപ്പോളിബ്ബലി ദരിദ്രനും.

സൗമ്യശീലൻ ഞാൻ, യുവകോമളൻ, ഭൂമീപാലൻ,
സൗഖ്യസമ്പന്നൻ, സാക്ഷാൽക്കൃതസാധനാപൂർണ്ണൻ!

പണ്ടു പണ്ടുതൊട്ടുള്ള പതിവാണെങ്കിൽക്കൂടി–
യുണ്ടിതിലൊരജ്ഞേയ നിത്യനൂതനതത്ത്വം:

ഓണനാൾകളിലിപ്പോളുണ്ട പൂവടയാൽ ഞാ–
നോരാണ്ടു വീണ്ടും മുന്മട്ടുയിർക്കൊണ്ടിടുല്ലോ!.

## തുളസിമാല

നാമം ജപിക്കുവാൻ നന്നെന്നു ചൊല്ലിയാ

പ്രേമസ്വരൂപനാം കാരണപൂരുഷൻ

തന്ന തുളസിമാല്യത്തിൻ കുരുക്കളാ–
ണൊന്നിനൊന്നറ്ററ്റു വീഴുമീ നാളുകൾ!

ഊണരിനേടും തിരക്കിലെൻ കയ്യിൽനി–
ന്നൂർന്നു വീണേയ്ക്കാം മുഴുവൻ കുരുക്കളും!

ശേഷിച്ച തന്തുവും തൂക്കിപ്പിടിച്ചു ഞാൻ
ഭോഷനായ് നാളെത്തിരിച്ചു ചെന്നീടവേ

എന്തരുളിച്ചെയ്യുമദ്ദേഹമെന്നുള്ള
ചിന്തതൻ മുന്നിൽ മരംപോലെ നിൽപ്പു ഞാൻ.

മന്ദസ്മിതത്തോടുകൂടിയാ നിർമ്മമൻ
മറ്റൊരു മാല്യമെടുത്തു തന്നീടുമോ?

തന്നതു മിണ്ടാതെ വാങ്ങുവാനാവുമോ?
നിന്നു പരുങ്ങിയാൽ നിന്ദയായ്ത്തോന്നുമോ?

അല്ല,തും വാങ്ങി ഞാനെങ്കിലോ, കാര്യമെ–
ന്തുള്ളൂ, വിശപ്പെനിക്കപ്പോഴുമില്ലയോ?

ഒന്നിന്നുമുത്തരമില്ലെനിക്കെങ്കിലും
കണ്ണീരുകൊണ്ടു കഴുകുന്നതുണ്ടു ഞാൻ,

ഊണരിനേടും തിരക്കിലെൻകയ്യിൽനി–
ന്നൂർന്നു വീണീടും തുളസിക്കുരുക്കളെ!

## പൊതുമ്പ്

ഞാനൊരു പൊതുമ്പെ,ന്റെ മുതുകത്തിരിക്കുന്ന

മാനവർ ദുഃഖത്തിന്റെ തീരമന്വേഷിക്കുന്നു.

അവിടെത്തളിർക്കുമുന്മേഷത്തിൻപച്ചപ്പുക,–
ളതിൽ മൊട്ടിടുമാവേശത്തിന്റെ തുടുപ്പുകൾ

അവർതൻ പ്രതീക്ഷയിൽ ബിംബിപ്പൂ, നയ്മ്പിൽപ്പെട്ടെ–
ന്നഹങ്കാരത്തിൻ കൈകൾ മുറുകിപ്പിടിക്കുന്നു.

അവർതന്നിച്ഛാശക്തി നക്ഷത്രചന്ദ്രാർക്കരാ–
യകലത്തുദിക്കയുമസ്തമിക്കയും ചെയ്വൂ.

അറിയുന്നു ഞാൻമാത്രം (നാവുണ്ടായിരുന്നെങ്കിൽ
പറഞ്ഞുംകൊടുത്തേനേ) ‘‘കൂട്ടരേ, കണ്ടിട്ടില്ല

പരവയ്ക്കന്ത്യം, പാരംഗതനേയും ഞാൻ: ജഡ–
ഭരതപ്രായം ഞാനീത്തിരമാലതൻമീതേ

വർത്തിപ്പൂ വരണ്ടൊരാജ്ഞാനത്താൽ; എനിക്കിതു

വയ്യായിരുന്നൂ പച്ചമരമായിരുന്നപ്പോൾ.''

## എന്റെയും നിന്റെയും

''എന്റെ മകനുണ്ണിക്കൃഷ്ണൻ
കൃഷ്ണാട്ടത്തിനുപോകേണം;
കൃഷ്ണാട്ടത്തിനു പോയാൽപ്പോരാ
കൃഷ്ണൻതന്നെ കെട്ടേണം.......''
ആരിതുപാടീ? ഞാനറിവീലാ–
പ്പേരെന്നാകിലുമറിവൂ ഞാൻ:
ദുഃഖത്തിൽ മുങ്ങിയോരമ്മതൻ നെഞ്ചിലെ–
ഗ്ഗദ്ഗദമാണാ മാധുര്യം!
ദുഃഖത്താലെൻ ചുണ്ടിനു വാഴ്വൊരു
തിക്തകഷായമായ്ത്തീരുമ്പോൾ
മുക്കിയിടും ഞാനെന്നെത്താനാ
മുക്തിവിളഞ്ഞീടുമംഭസ്സിൽ!

ൟൟൟ

എന്നും വറ്റാക്കണ്ണീരാലേ
മിന്നുന്നൂ നിൻ മിഴിയമ്മേ,
കുന്നോളം ബലമായാക്കണ്ണീ–
രെന്നാത്മാവിൽപ്പടരുന്നൂ.
നിന്റെ മകനുണ്ണിക്കൃഷ്ണൻ
കൃഷ്ണാട്ടത്തിനു പോകുമ്പോൾ
എന്റെ മകൻ കൊച്ചുഗോപാലനും
കൃഷ്ണാട്ടത്തിനുപോകുന്നു.
നിന്റെ മകനുണ്ണിക്കൃഷ്ണൻ
കൃഷ്ണന്റെ വേഷം കെട്ടുമ്പോൾ
എന്റെ മകൻ കൊച്ചുഗോപാലനും
കൃഷ്ണന്റെ വേഷം കെട്ടുന്നൂ.
നിന്റെ മകനുണ്ണിക്കൃഷ്ണനും
എന്റെ മകൻ കൊച്ചുഗോപാലനും
രണ്ടാളെങ്കിലുമാനന്ദാശ്രുവിൽ
രണ്ടല്ലാതായ്ത്തീരുന്നൂ.
അവനേ ജീവിത, മവനേ മോക്ഷം,
അവനേ സാക്ഷാൽഗോപാലകൃഷ്ണനും,
അവനേ നമ്മൾക്കിരുവർക്കെന്ന–
ല്ലഖിലജഗത്തിനുമാധാരം!

## സത്യമോ സങ്കൽപ്പമോ?

ഞാനുണർന്നിരിക്കുമ്പോളൊക്കെയും ദേവീ, നിന്റെ –

യാനന്ദപ്രദായകമായ കാലടിപ്പൂവിൽ

കുനിപ്പേനുൾക്കാമ്പിന്റെ ശിരസ്സെ,ന്നിട്ടും കിട്ടീ–

ലെനിക്കെന്തുകൊണ്ടാത്മശാന്തിതൻ ചിദാനന്ദം?

എന്നു ചോദിപ്പാൻ നിന്റെ മാണിക്യപ്രഭ ചിന്തും
സ്വർണ്ണപീഠത്തിൻചാരേ വന്നു ഞാൻ നിലക്കൊൾകേ

നിന്റെ പീഠത്തിൽക്കാണ്മിതെന്നെ ഞാൻ: ഇപ്പോളെനി–
ക്കെന്റെ ദുഃഖവും നിന്റെ സൗഖ്യവും രണ്ടല്ലല്ലോ!

'വെറുതേ വന്നൂ കണ്ടു വന്ദിച്ചുപോകാ'നെന്നു
തിരികെപ്പോന്നേൻ കെട്ട കൈത്തിരി കൊളുത്തി ഞാൻ

പുതിയ കല്ലും മുള്ളും ചളിയുമിരുൾക്കെട്ടും
പുതഞ്ഞുകിടക്കുന്ന നിത്യരഥ്യയിലൂടെ.

പിന്നിൽനിന്നൊരു മണിച്ചിരി കേട്ടുവോ പെട്ടെ–
ന്നെന്നെനിക്കൊരാശങ്ക, സത്യമോ സങ്കല്പമോ?

## ഒരപേക്ഷമാത്രം

എന്നെപ്പിടിച്ചുവലിക്കുന്നൂ താഴ്ത്തുന്നൂ
കണ്ണീരിൽജ്ജീവിക്കും നീരാളി,

ഏറെജ്ജനത്തെ വിഴുങ്ങിയിട്ടും വിശ–
പ്പാറാത്ത കാലമാം നീരാളി.

ഒന്നും മറുത്തു പറയുവാൻ ശക്തിയി–
ല്ലെന്നാലും ചൊൽവൂ ഞാനുച്ചത്തിൽ:

എന്നസ്ഥികൂടിയിന്നിത്തിരി നേരത്താൽ–
ത്തിന്നു തീർക്കും ഭവാൻ നിസ്തർക്കം!

ആവട്ടെ, പക്ഷേ ഞാൻ കെഞ്ചുന്നു കാലമേ,
ആരോടും നാളെ നീയോതൊല്ല:

''പാവമാപ്പൂരുഷനാനന്ദമെന്തെന്നു
ജീവിച്ച നാളിലറിഞ്ഞില്ല!''

കാണുന്നു ഞാനെന്റെ കണ്ണുകൊണ്ടിപ്പോഴും
പ്രാണനിൽ സുന്ദരചൈതന്യം;

കേൾക്കുന്നു ഞാനെന്റെ കാതിലാ പ്രാണന്റെ
കേവലസ്പന്ദമാം സംഗീതം.

ഏതു വിദൂരമാം ചക്രവാളത്തെയും
ഭേദിച്ചൊലിക്കുമെൻ വാത്സല്യം

ആനന്ദമല്ലെന്നിരിക്കുകിൽപ്പിന്നെയെ–
ന്താണാ പ്രശസ്തമാമാനന്ദം?

## വരവും പോക്കും

ഉണ്ടെനിക്കൊരു വയറെന്ന വസ്തുതകൊണ്ടും

രണ്ടു കയ്യെനിക്കുമുണ്ടെന്നൊരാശ്വാസം പൂണ്ടും

വന്നു ഞാൻ കുഗ്രാമത്തിൽനിന്നൊരു യുവാവാ,ശാ–
ധന്യമാം   നഗരത്തിൻ സൗവർണ്ണകവാടത്തിൽ.

''എന്തു ജോലിയും ചെയ്യാം, വല്ലതും തരൂ തിന്നാ,''
നെന്നു ഞാനർത്ഥിച്ചപ്പോൾ നഗരം ചിരിക്കുന്നു:

''ജോലി നീയാദ്യം ചെയ്യൂ, കൂലി ഞാൻ തരും,'' എന്നു
ജോറിലദ്ദേഹം കല്പിക്കുന്നു; ഞാൻ പരുങ്ങുന്നു!

ഒടുവിലെല്ലും തോലും മാത്രമായ് ഞാനെന്നൂന്നു–
വടിതൻ സഹായത്താൽ ഗ്രാമത്തിൽത്തിരിച്ചെത്തീ,

പണ്ടത്തെത്തണ്ണീർപ്പന്തലിന്നുള്ളിലിപ്പോൾച്ചായ
പത്തിരികളും വിറ്റു പുലരും ബാല്യക്കാരൻ

സ്തബ്ധനീക്കിഴവനിൽ ച്ചൊരിവൂ പരിഹാസ–
ക്ഷുബ്ധമാം ജിജ്ഞാസ, ''ഏതവനീ വിദേശീയൻ?''

# വേനല്ക്കുളിര്

ആലിൻചുവട്ടിൽ കുളിർത്ത കാറ്റും
അന്ധകൂപത്തിൽ തെളിഞ്ഞ നീരും

സംഭരിക്കുന്ന സമാശ്വാസമല്ലല്ലീ
സർവ്വാഭിശപ്തമാം വേനലേ, നീ?

മാരിക്കാർ ചിന്നിപ്പരക്കലില്ലാ,
മഞ്ഞിന്റെ മൂടിപ്പിടിക്കലില്ല;

മുണ്ടകപ്പാടത്തു കൊയ്ത്തു കഴിഞ്ഞപോ–
ലുണ്ടേ വിശാലമീയന്തരീക്ഷം.

അന്തി കരുപ്പിടിച്ചപ്പൊഴെയ്ക്കും
ചിന്തിക്കഴിഞ്ഞല്ലോ വിണ്ണിൽ നീളെ

ഇന്നലെക്കൊയ്ത പുന്നെല്ലിന്നുതിർമണി–
യെന്നപോലായിരം താരകങ്ങൾ.

ഓടിപ്പുളച്ചു കളിച്ചിരുന്ന
തോടിന്റെ കാര്യം പരുങ്ങലായി:

പാടേ മെലിഞ്ഞുപോയ്; എന്നാലും തജ്ജീവൻ
പാടുന്നുണ്ടിപ്പൊഴും തേങ്ങൽപോലെ.

അങ്ങേതിൽ പൈക്കൾ സമാശ്വസിപ്പൂ:
''ഞങ്ങൾക്കഖിലം കറവുവറ്റീ,''

ഇങ്ങേതിൽക്കന്നുകൾ: ''തണ്ടെല്ലൊടിഞ്ഞവർ
ഞങ്ങളല്പം മുതു ചായ്ച്ചിടട്ടെ.''

കാവിലെക്കല്ലുവിളക്കുതോറും
ജീവന്റെ നാളം കിളർന്നുവന്നൂ;

കൺഠം തുറന്നൂ പറയക്കുടിലിലെ–

ച്ചെണ്ടക, ളീറ്റക്കുഴലുകളും.

പായ കക്ഷത്തിൽ ചുരുട്ടിവെച്ചു
പാനീസു കത്തിച്ചിറങ്ങിയാലും!

ആടിക്കഴിഞ്ഞൂ കഥകളിക്കൊട്ടിലിൽ–
ത്തോടയം; ഇപ്പോൾ കുചേലവൃത്തം.

വെയ്‌ലും വിയർപ്പുമാണെങ്കിൽക്കൂടി
വേനലേ, നീ വന്ന ശേഷമല്ലോ

നീളേ വിടർന്നതുറങ്ങാത്ത രാവിന്റെ
നീലാരവിന്ദപരിമളങ്ങൾ!

## പുക

''ആരാണീ വരുന്നതു?'' ''ഞാൻതന്നെ,'' ''കണ്ടിട്ടു പ–
ന്തീരാണ്ടായ്,'' ''ശരി'' ''ബസ്സുകാത്തു നിൽക്കയാണല്ലേ?''

''ശരിയാണ്,'' ''ഒരു ബീഡിയെടുക്കാനുണ്ടോ?'' ....ക്ഷണാൽ
തിരഞ്ഞൂ ബസ്സും കാത്തുനിൽപ്പവൻ; കിട്ടീ കയ്യിൽ

ഒരു വാരലിൽത്തന്നെ മൂന്നെണ്ണം; മൂന്നുംകൂടി
ചിരപൂർവ്വീകസ്നേഹിതന്റെ കൈകളിലിട്ടൂ.

അദ്ദേഹമിദ്ദേഹത്തിന്നുടനെസ്സലാം ചെയ്തു;
ഇദ്ദേഹമദ്ദേഹത്തെക്കൈകൂപ്പി നിലക്കൊണ്ടു.

നടകൊള്ളുകയല്ലോ സ്നേഹിതൻ പിന്നീടു ര–
ണ്ടടി; നില്ക്കുകയല്ലോ പിന്നെയും; കീശക്കുള്ളിൽ

കയ്യിട്ടു പുറത്തെടുക്കുകയായ് തീപ്പെട്ടി; തീ
കത്തുകയായീ; വലംകൈകൊണ്ടു ചെവിക്കുറ്റി

തപ്പുകയായീ; കയ്യിൽക്കിട്ടിയ ബീഡിക്കുറ്റി
തട്ടുകയായീ ചുണ്ടിൽ; കുറ്റിയിൽ തീനാളവും.

## കൊടുങ്ങല്ലൂർ നടയ്ക്കൽ

കോടിലിംഗപുരത്തമ്മേ,

തൃക്കണ്ണുകൾ തുറക്കണേ;
സോപാനത്തിലിതാ, വന്നു
നിൽക്കുന്നൂ മലയാളികൾ!

ൗൗൗ

വിശ്വാസത്തിൻ ലഹരിയാൽ
യുക്തിചിന്ത മയങ്ങവേ
അകൃത്രിമമനുഷ്യത്വ–
മനാച്ഛാദിതമാകവേ

കോഴിയെച്ചമലിൽത്തൂക്കി–

ത്തെറിപ്പാട്ടുകൾ പാടിയും
താളംപിടിച്ചും തലയിൽ–
ക്കെട്ടു വട്ടത്തിലാട്ടിയും

പകലും രാത്രിയും നഗ്ന–
പാദരായ് നടകൊള്ളവേ
വിയർപ്പിൽ, അമ്മയെപ്പറ്റി
സ്മരിച്ചശ്രുവിൽ, മുങ്ങവേ

കൊച്ചുകുഞ്ഞുങ്ങളെപ്പോലെ
നിസ്ത്രപാനന്ദമഗ്നരായ്
ഭരണിക്കു വരാറുള്ള
മക്കളല്ലിവരെങ്കിലും

കോടിലിംഗപുരത്തമ്മ
തൃക്കണ്ണുകൾ തുറക്കണേ;
സോപാനത്തിലിതാ, കാത്തു
നില്ക്കുന്നു മലയാളികൾ!

ൟൟൟ

ചതഞ്ഞ യുക്തിബോധത്താ–
ലഹങ്കാരികളെങ്കിലും
ടെറലീനിട്ട കാറ്റേൽക്കാ–
പ്പരിഷ്കാരികളെങ്കിലും

ഡീസലെഞ്ചിൻസഹായിച്ചി–
ട്ടെത്തിപ്പെട്ടവരെങ്കിലും
വിസ്മയസ്തബ്ധരർഹിപ്പൂ
ഞങ്ങൾ നിൻ കൃപയംബികേ!

നൂറുവർഷങ്ങൾക്കു മുമ്പു
ഭവദിച്ഛാപ്രതീകമായ്
കുഞ്ഞിപ്പിള്ളത്തമ്പുരാട്ടി–
ക്കുളവായ മഹോദയം:*

ഞങ്ങൾക്കീ യന്ത്രസംസ്കാര–
പ്പുകയിൽച്ചുറ്റിടുമ്പൊഴും
അസ്തമിക്കാതെ നിൽക്കുന്നൊ–
രാകർഷണ, മൊരത്ഭുതം!

കാളി, നിൻ പുത്രനാം വ്യാസൻ
മൂന്നാണ്ടാൽ തീർത്ത ഭാരതം
വെറും രണ്ടരവർഷത്താൽ
മലയാളത്തിലാക്കുവാൻ

എവന്നുണ്ടായി ചങ്കൂറ്റ–
മെവന്നുണ്ടായി ദർശനം
എവന്നുണ്ടായ്ത്തപശ്ശക്തി–
യാ നിന്നിളയ പുത്രനെ,

അവൻ ജനിച്ചു ജീവിച്ചു
മരിച്ചേടത്തെ മണ്ണിനെ,
കാണുവാൻ, തൊടുവാൻ, അന്യ–
രാരും കാണാത്ത മാത്രയിൽ

ഒരു നുള്ളെങ്കിലും നുള്ളി

മൂർദ്ധാവിൽച്ചൂടുവാനുമായ്
വന്നുവല്ലോ ഞങ്ങളിന്നു
തൃപ്പാദങ്ങളിലംബികേ!

''ദേശാന്തരങ്ങളേ, കാൺമി
നിതാ, ഭാഷാന്തരങ്ങളേ,
മാനങ്ങളിൽക്കുടുങ്ങാത്ത
സാരസ്വതമഹോദയം,''

എന്ന ശബ്ദം മുഴങ്ങുന്ന
ഹൃദയങ്ങൾ പറിച്ചിതാ,
ഭവത്തൃക്കാൽക്കലർച്ചിപ്പി
തശങ്കം ഞങ്ങളംബികേ!

ഞങ്ങൾതൻ ബാലിശത്വങ്ങ–
ളൽപ്പത്വങ്ങളശക്തികൾ
അകമേ പുഞ്ചിരിക്കൊണ്ടു
പൊറുത്തരുളുകംബികേ!

'ഭവാനി, നീ ദാസനെന്നെ
ക്കടാക്ഷിക്കെ'ന്നുണർത്തുവാൻ
'ഭവാനി, നീ'യെന്നുമാത്ര
മുച്ചരിക്കുമ്പൊഴേയ്ക്കു നീ

അതുച്ചരിക്കും ജീവന്റെ
ശിരസ്സിലിളവെന്നിയേ
സമസ്തപുരുഷാർത്ഥങ്ങൾ
വർഷിക്കാറുള്ളതല്ലയോ?

തുറന്നാലും കൺകളമ്മേ,
വാത്സല്യംകൊണ്ടു ഞങ്ങളെ
അനുഗ്രഹിച്ചയച്ചാലും;
മററാരുണ്ടതിനംബികേ?

മണ്ണിൽച്ചേർന്നു മയങ്ങുന്ന
ഭവദിച്ഛാപ്രകാശിതൻ
ആരാധകപദാഘാത
മേറ്റു നോവുന്നുവെങ്കിലും

ആരാധനയിലുള്ളാത്മാ–
ർപ്പണം കണ്ടാർദ്രനാകവേ
മണൽത്തരികളാൽ സ്വച്ഛ–
മന്ദഹാസം പൊഴിക്കവേ

വിളിച്ചു ചൊൽവൂ– (കേൾക്കുന്നൂ
ഞങ്ങളാ സ്വരം; അമ്മയോ?)
''എന്നാരാധകരിക്കൂട്ടർ
നിന്നാരാധകരംബികേ!''

# നഗരത്തിലെ ഗ്രാമീണൻ

വങ്കിലംതാനിഗ്ഘോരനഗരം; പക്ഷേ ഞാനും
പങ്കിലം; അല്ലെന്നാകിൽ ഗ്രാമത്തിൻ തളിരെന്നെ,

തുരുമ്പു കയറിയ കണ്ണാടികണ,ക്കെന്തി–
ന്നെറിഞ്ഞാനിതിലേയ്ക്കെന്നുള്ളിലെസ്സർവ്വവ്യാപി?

‘‘ചളിയിൽച്ചളി കാലവർഷമേറ്റലിയിച്ചു
തെളിയൂ നീ’’യെന്നാവാം മൂകം തദാശീർവ്വാദം.

ഏതുമാവട്ടേ, ശൂന്യമെന്നുൾക്കൺവിഹായസ്സി–
ലെന്നെന്നും ലസിച്ചാവൂ നീലനീലമാത്തിങ്കൾ!

ஜஜஜ

ഏതിനെപ്പകച്ചു ഞാൻ നോക്കി നിന്നുപോയാദ്യം,
ഏതിനെ ക്രമാൽ കണ്ടു കണ്ടു ഞാൻ ഞെട്ടിപ്പോയി,

ഏതിനെച്ചൊല്ലിക്കേണേൻ നനഞ്ഞ കരിമ്പടം–
മാതിരി നിശീഥങ്ങൾ കണ്ണിലൂടിഴയവേ,

ഏതിനെ വെറുത്തു ഞാൻ, ഏതിനെശ്ശപിച്ചു ഞാൻ,
ഏതിനെ നിഗൂഢം ഞാൻ ചവുട്ടിയരച്ചേനോ,

അതിതാ പിന്നെപ്പിന്നെ മറ്റൊരു മുഖംകൊണ്ടെൻ
മതിബിംബത്തിൻ നേരെ നോക്കുവാൻ ഭാവിക്കുന്നു!

‘‘കാരിരിമ്പൊക്കും കൈകൊണ്ടാകിലും സഹജന്നു
ചോറു ഞാൻ തരുന്നുണ്ടെ,’’ന്നതിതാ ഗർജ്ജിക്കുന്നു,

‘‘തന്നരുളുകയല്ല സത്യത്തിൽ, പ്രയത്നത്താൽ
വന്നെടുക്കുകയല്ലോ നിന്റെ സംവിഭാഗം'നീ.

ദയയില്ല മേ, ധർമ്മഭയമില്ല മേ, പക്ഷേ
വ്യയമാലസ്യം മൗഢ്യമെൻ കണ്ണിലപരാധം!

എന്നെ മാനിക്കൂ; മതി: കുതിക്കും കങ്കാരുപോൽ
നിന്നെ ഞാൻ വയറ്റിന്റെ കീശയിൽസ്സംരക്ഷിക്കും!’’

ஜஜஜ

പൂതനയുടെ മാറത്തെന്നപോലിതിന്റെ കൈ–
പ്പൂട്ടിൽ നഞ്ഞമ്മിഞ്ഞയുണ്ടുറങ്ങിക്കിടക്കുമ്പോൾ

എന്മനസ്സിലെ നീലനീലമാം നിറതിങ്കൾ
കണ്മിഴിച്ചെന്തിന്നോമൽ ച്ചന്ദ്രിക പൊഴിക്കുന്നു?

ആ മനോഹരശോഭവന്നു ചുംബിച്ചിട്ടഭി–
രാമയായ്ത്തീരുന്നുമുണ്ടി,ല്ലയോ നക്തഞ്ചരി?

എന്നിലെപ്പരിശുദ്ധി കെട്ടുപോകയോ, എന്റെ
മുന്നിലെ വൈരൂപ്യത്തിൻ സൗന്ദര്യം തെളികയോ?

അറിയില്ല മേ, ശൂന്യമെന്നുൾക്കൺവിഹായസ്സിൽ
നിറന്നേ ലസിച്ചാവൂ നീലനീലമാം തിങ്കൾ!

കൂനിയെ സ്പർശംകൊണ്ടു മുഗ്ദ്ധയാക്കിയ ദീന–
പ്രാണകാരുണിക്കെന്തും നിഷ്പ്രയാസമാണല്ലോ!

# ഏകാകി

ഹോട്ടലുടമ കൃഷ്ണയ്യൻ കരുണയാർ–

ന്നൂട്ടുന്ന കൈപ്പുണ്യമസ്സലാണെങ്കിലും

നാട്ടിലിരിക്കും കിടാങ്ങളീ; വാടക–
വീട്ടിന്റെ വിദ്യുത്തമസ്സിൽ ത്രിയാമയിൽ

മിന്നിമിന്നിക്കൊണ്ടിരിക്കവേ പെട്ടെന്നു
കണ്ണീർ പൊഴിപ്പാൻ കൊതിച്ചുപോകുന്നു ഞാൻ.

അച്ഛൻ കിടക്കും കിടപ്പു ഞാൻ കാണുന്നി–
ത,മ്മ തനിക്കായ് മരുന്നു തപ്പുന്നതും

വിശ്രമമില്ലാതവരെക്കിടാങ്ങളെ–
ശ്ശുശ്രൂഷചെയ്ത വേർപ്പാറാതെ മറ്റൊരാൾ

അന്ധകാരത്തിലാത്മാവിൻവെളുപ്പുകൊ–
ണ്ടെന്തിനെന്നില്ലാതെ മദ്ദിനചര്യയെ

ആലേഖനംചെയ്തിരിക്കവേ തൻ നീല–
ലോലഞരമ്പെഴും വെൺകുളിർപ്പാണികൾ

പൂമൊട്ടുപോൽ കൂമ്പിനില്പതും വിണ്ണിലെ–
പ്പൂനിലാവൂർന്നൂർന്നതിന്മേൽപ്പതിപ്പതും.

ആയുസ്സിൽനിന്നു പറിച്ചെടുക്കുന്നവ–
യായ ദിനങ്ങളെപ്പിന്നെയും പിന്നെയും

നിർമ്മമയന്ത്രവക്രത്തിൽത്തിരുകുന്ന
ധർമ്മം വളരെക്കഠിനമാണെങ്കിലും

സ്വീയമാണെന്നുറപ്പുള്ളതുകാരണം
ഭീയില്ലെനിക്കതു സമ്മതിക്കുന്നു ഞാൻ.
ഭാവിക്കു യാതൊന്നുമേകിയില്ലെങ്കിലും
ജീവിച്ചു ഞാനെന്നെനിക്കുറപ്പല്ലയോ?

നേരാണു, നേരാണതെ,ങ്കിലും രാത്രിയീ
ക്രൂരാന്ധകാരത്തിലൊറ്റയ്ക്കിരിക്കവേ

കട്ടിലിൽക്കേറിക്കിടന്നാൽ കിടന്നതു
പട്ടടയിങ്കലാണെന്നോർത്തുപോകവേ

പൊട്ടിച്ചിരിക്കുവാനെന്നല്ലുറക്കനെ–
പ്പൊട്ടിക്കരയാനുമിപ്പൊഴാളല്ല ഞാൻ.

കാവ്യം രചിക്കുവാനെന്നല്ല നിങ്ങൾക്കു
കത്തെഴുതാൻകൂടിയിപ്പോഴാളല്ല ഞാൻ.

## മാതളപ്പൂക്കൾ

കനകകുംഭങ്ങളിൽ തുളുമ്പും മൃതസഞ്ജീ–

വനിയേന്തിയ കരപല്ലവങ്ങളും നീട്ടി

മുഗ്ദ്ധഹാസത്താലുദയദ്യുതി വർഷിക്കുന്ന
മുറുക്കിച്ചുവപ്പിച്ച മാതളച്ചെടികളേ,

നിങ്ങൾതൻ ശോണോദാരമൃദുലസ്മിതകാന്തി
വിങ്ങവേ തുടിക്കവേ നീളെ മത്സിരകളിൽ

എങ്ങനെ ശപിക്കേണ്ടൂ പ്രപഞ്ചം നിർദ്ദാക്ഷിണ്യ–
മെന്നിലാധാനംചെയ്യും പ്രളയാന്ധകാരത്തെ?

എന്തിനാണമൃതകുംഭങ്ങൾ? ഈ മന്ദസ്മിത–
ച്ചന്തങ്ങൾ നിരീക്ഷിച്ചുനിന്നു ഞാൻ രമിക്കുമ്പോൾ

കർമ്മശക്തിക,ളെന്റെ ധന്യവാസനാദീപ്ര–
ധർമ്മസക്തികളുണ്ടേ നീളുന്നൂ വിടരുന്നൂ:

അവയാൽ കണ്ണുംപൂട്ടിപ്പുണർന്നെൻ നെഞ്ചാൽ സ്പർശി–
ച്ചറിവേനനന്തതയുടെ നെഞ്ചിടിപ്പാകെ.

## രാജഭോഗം

എന്റെ മഹാരാജാവി–*
ന്നെഴുപത്തഞ്ചാം വയസ്സു തികയുന്നൂ,
കാലം നൂറു കരത്താ
ലാദ്യത്തെത്തവണ വയറയുഴിയുന്നൂ.

'രാജാവിനിയില്ലെ'ന്നാ–
ത്തെരുവിൽപ്പണ്ടൊച്ചയിട്ട ഭോഷത്വം
കാണ്മൂ: കുമരപുരത്തെ–
ക്കുഞ്ഞു ഭരിക്കാൻ തുടങ്ങി മലനാട്ടിൽ.

പൊടിയുന്നൂ ചെങ്കോലെ–
ന്നിടർതേടിയ കോലകത്തെ മൗഢ്യത്തിൽ
കൈയിലെഴുത്താണിയുമാ–
യല്ലോ ഭൂജാതനായതീബ്ഭൂപൻ.

പശികൊണ്ടാ നിർമ്മലശിശു–
ഹൃദയത്തിൻ കണ്ണു മഞ്ഞളിച്ചപ്പോൾ
പൈതൃകപുണ്യത്തിന്നുതിർ–
മണികളുടൻ കാൽക്കൽ വന്നു വീണപ്പോൾ

ഹൃദയം ഹർഷാനതമായ്,
നയനത്തിൽ ബാഷ്പബിന്ദു തിരിവെച്ചൂ,
അഞ്ജലിയായ് കൈവെള്ളകൾ
പൊന്തിപ്പോയ് മുട്ടി ദൈവപാദത്തിൽ.

ആ നിമിഷത്തിൻ പുളക–
പ്പാലാഴിയിലാണ്ടു മുങ്ങി നിവരുമ്പോൾ
ശിശുവാമദ്ദേഹത്തിനു
ശിശുവായീ ജീവജാലസർവ്വസ്വം.

അന്നു മുതൽക്കാ സ്മൃതിമാ–
ധുര്യത്തിൻ ലഹരികൊണ്ടു പാടുന്നൂ,
സഹൃദയഹൃദയത്തിലെഴു–
ത്താണിത്തുമ്പാൽ കുറിച്ചുവെയ്ക്കുന്നൂ,

മുക്താവലിപോൽ പ്രകൃതീ–
ശ്വരിയിൽപ്പുലരും നിഗൂഢരാഗത്തെ,
പുരുഷോന്മുഖമൊഴുകീടും
പരമാനന്ദൈകബീജമന്ത്രത്തെ.

എഴുതിപ്പോകുമ്പോളാ–
ക്കൈയിലെഴും കാരിരിമ്പെഴുത്താണി
പൊൽച്ചെങ്കോലായിട്ടും
കണ്ണു മിഴിച്ചില്ല കാലഗാംഭീര്യം

പന്ത്രണ്ടു രാശികളിലും
നിന്നാശ്ചര്യം മിഴിച്ചു വീക്ഷിച്ചൂ
അപ്പൊൽച്ചെങ്കോലിൻ പൊരു–
ളെന്തെന്നു നവഗ്രഹങ്ങൾ പലവട്ടം:

'മുടി ചൂടീട്ടില്ലല്ലോ,
സിംഹാസനമേറിയിട്ടുമില്ലല്ലോ,
തുളസീദാമനിബദ്ധൻ
തീർത്ഥാടകനീ വനാന്തസഞ്ചാരി.'

അറിയുകയുണ്ടായില്ലീ–
ക്കഥയൊന്നും ഗാനലീനനമ്പാലൻ,
ശിഖ പല ഗഗനങ്ങളിലൊളി
ചൊരിയുന്നുണ്ടിപ്പൊഴെന്ന കഥപോലും!

ഒടുവിൽക്കാലം മന്ദ–
സ്മിതപൂർവ്വം കൺതുറന്നു പറയുകയായ്:
'സത്യം പറയട്ടേ, ഞാൻ
തോറ്റമ്പിത്തൊപ്പിയിട്ടു, രാജാവേ!

ത്വദ്ദിവ്യസ്വരധാരാ–
ഭരിതൻ ഞാൻ താമസിച്ചുപോയല്ലോ
അഭിനന്ദനവാക്കുകളാൽ
നിറുകയിലരിയിട്ടു നിന്നെ വാഴിപ്പാൻ!

പ്രജയിൽ പ്രേമം പകരു–
ന്നവനേ രാജിച്ചു പണ്ടു രാജാവായ്;
അവിടുന്നാട്ടേ, പ്രേമം
പകരുന്നൂ പിഞ്ചുപുൽത്തലപ്പത്തും.'

എന്റെ മഹാരാജാവുട–
നുച്ചം പൊട്ടിച്ചിരിച്ചു പോകുന്നൂ.
എഴുനേറ്റഞ്ജലി ബന്ധി–
ച്ചോതുന്നൂ കൂന്നുനിന്നു സാകൂതം:

'ആരിപ്പാരിൽ പ്പൂജക,–
നാരിവിടെ പ്പൂജനീയ, നജ്ഞാതം:
നന്ദി, ഭവത്പൂജയ്ക്കാ–
യല്ലാ ഞാൻ പാടിവന്നതെന്നാലും!

ഇതുസത്യം: പ്രാണൻ പൊരി–
യുന്നേടത്തെന്റെ കണ്ണു നിറയുന്നൂ:
അവരറിയാതവരെന്നിൽ–
ക്കുടിപാർത്തീടുന്നു പിന്നെയെന്നെന്നും.

പ്രാണൻ പൊരിയുന്നവരെ–
ന്നുള്ളിൽകുടിപാർത്തിടുമ്പൊഴൊക്കേയും
അഖിലേശ്വരിതൻ കോവിലിൽ
നടതള്ളീടുന്നിതെന്നെ ഞാൻതന്നെ.

അരണിയിലഗ്നികണക്കാ
ഞൊടിയിൽ ക്കത്തിജ്ജ്വലിച്ചിടും ധൈര്യം
കവിതകളായ്ത്തീരുന്നൂ,
ഞാനാനന്ദത്തിൽ മുക്തിയടയുന്നൂ!'

## പുൽക്കൊടി

ഫുല്ലപുഷ്പങ്ങൾ തിങ്ങിയ ഭൂവിൽ
പുല്ലായ് പണ്ടു പിറന്നവനീ ഞാൻ;

പുല്ലായിട്ടു പിറക്കിലും നിന്റെ
പുല്ക്കുഴൽവിളി കേട്ടവനീ ഞാൻ.

ആ മധുരിച്ച രോമഹർഷത്താ–
ലാത്മാവെന്നുള്ളിൽ കണ്ണു തുറന്നു;

ആത്മാവിന്റെ മിഴി വിടർന്നപ്പോ–
ളാശ്ചര്യത്താൽ ത്തളർന്നുപോയ് ഞാനും.

രോമഹർഷലഹരികൊണ്ടീ ഞാൻ
വ്യോമത്തോളം വളർന്നുപോയല്ലോ:

തുംഗമെൻമുഖം വിണ്ണിലെഗ്ഗംഗാ–
ഭംഗമാലയിലാണ്ടുപോയല്ലോ!

ആ മുഹൂർത്തത്തിലെന്മുഖം വെള്ള–
ത്താമരമലരായിതെന്നാലും

കാൽമടമ്പിലുണ്ടിപ്പൊഴുമാർദ്രം
ഭൂമി പണ്ടു പുരട്ടിയ പങ്കം.

ആ മണ്ണീ ഞാൻ തുടയ്ക്കുകിലന്നെൻ–
താമരപ്പൂ പൊഴിഞ്ഞുപോമല്ലോ:

എന്റെ മണ്ണിൽപ്പൊടിച്ചതല്ലല്ലി
നിന്റെ ചുണ്ടത്തെപ്പുൽക്കുഴൽ പോലും ?

## ഒരു റിക്ഷാക്കാരന്റെ കഥ

ഗ്രാമത്തിൻ ഹൃദയത്തിൽ പ്രേമത്തിൻ സദനത്തിൽ
ഓമനസ്വപ്നംപോലെ വിടർന്നവളേ,

കണ്ടതായോർമ്മയുണ്ടോ നീയിരിക്കുമീ റിക്ഷാ–
വണ്ടി വലിച്ചു പായുന്നവനെ മുന്നം?

''ചാലപ്പുറത്തേയ്ക്കെന്താ കൂലി?'' എന്നൊരു ഗാന–
ലോലമാം സ്വരം ചാരത്തുയർന്നുകേൾക്കെ

നീയാവുമതെന്നേതും സംശയിച്ചീലെന്നാലും

ന്യായമായുള്ളതേ ഞാൻ ചൊല്ലിയുള്ളൂ.

'കിട്ടണം പന്ത്രണ്ടണ'യെന്നു ഞാൻ മുഴുവിച്ചീ–
'ലെ,ട്ടണ തരാ'മെന്നു നീ പറഞ്ഞു.

ആയതായെന്നമട്ടിൽ ഞാനുടനെഴുന്നേറ്റു;
നീയുടൻ വണ്ടിക്കുള്ളിലിരിപ്പുമായി.

അപ്പോഴാണാദ്യമായിക്കണ്ടതഭിമുഖം നാം;
അത്ഭുതം! ഞാനുടനെ മുഖം തിരിച്ചു.

വണ്ടിക്കൈ കൈയിലേന്തിബ്ബെല്ലടിച്ചുടൻതന്നെ
മണ്ടിത്തുടങ്ങുകയും ചെയ്തു പിന്നെ.

ൗൗൗ

ഗ്രാമത്തിൻ ഹൃദയത്തിൽ പ്രേമത്തിൻ സദനത്തിൽ
ഓമനസ്വപ്നംപോലെ വിടർന്നവളേ,

നീ തിരിച്ചറിഞ്ഞുവോ നിന്മുന്നിൽച്ചാടിച്ചാടി–
നീങ്ങുമിത്തൊപ്പിവെച്ച പൂരുഷനെ?

കീറി മുഷിഞ്ഞ ഷർട്ടും കാലുറകളും വേർപ്പാ–
ലീറനായ് പാഞ്ഞുപോകും പരവശനെ?

താമരപ്പൂ പറിക്കാൻ തോളോടു തോളുരുമ്മി
നാമൊപ്പം പോയതെല്ലാം മറന്നുപോയോ?

അന്നത്തെക്കുന്നും ചെന്താർപ്പൊയ്കയും പൊയ്കയിങ്ക–
ലന്യോന്യമുരുമ്മും ചെന്താരുകളും

പച്ചിലക്കാടും കാടിന്നുള്ളിലെ ഹരിനീല–
സ്വച്ഛമാം കുളിരുമിന്നവിടെയുണ്ടോ?

രോമം വെറുങ്ങലിക്കും രാവിൽ നാം തമ്മിൽത്തമ്മിൽ
താമരക്കുളക്കരെക്കണ്ടനാളിൽ

വിക്രമാദിത്യൻകഥ ചൊല്ലിയിരുന്നിരുന്നു
ശുക്രനുദിച്ചതും നീ മറന്നുപോയോ?

താമരയല്ലി പറിച്ചന്യോന്യം തീറ്റിത്തീറ്റി–
ത്താമരപ്പൂക്കളൊട്ടുക്കൊടുങ്ങിയപ്പോൾ

വട്ടിയിലൊന്നുമില്ലാതുച്ചയ്ക്കു വീടു പൂകാൻ
പെട്ട പാടാരെമ്മട്ടിൽ മറന്നുപോകാൻ!

ൗൗൗ

ഗ്രാമത്തിൻ ഹൃദയത്തിൽ പ്രേമത്തിൻ സദനത്തിൽ
ഓമനസ്വപ്നംപോലെ വിടർന്നവളേ,

ചോദിപ്പാനൊരുപടിക്കാര്യമുണ്ടെങ്കിലും ഞാൻ
വാ തുറന്നൊരു വാക്കും മൊഴികയില്ല.

എന്നെത്തിരിച്ചറിഞ്ഞീലിത്രയും നേരമെങ്കി–
ലെന്നും തിരിച്ചറിയാതിരിക്ക നല്ലൂ.

അന്നത്തെ നീയെവിടെ, ഇന്നത്തെ നീയെവിടെ,
എന്നിലോ, മാറ്റംവന്നതിതൊന്നുമാത്രം:

കല്ലായിലെൻ കുടിലിൽ കേൾപ്പൂ ഞാൻ: 'അച്ഛനുച്ച–
ക്കഞ്ഞിക്കു വരാത്തതെന്തിനിയുമമ്മേ?'

ൗൗൗ

ചാലപ്പുറത്തു ചെന്നു വള്ളിച്ചെരിപ്പു മിന്നും
കാലടിപ്പൂക്കൾ ചിന്തിപ്പുറത്തിറങ്ങി

വെള്ളിയുറുപ്പികയൊന്നപ്പടി നീട്ടിപ്പിടി–
ച്ചുള്ളലിഞ്ഞു നീ മന്ദസ്മിതം പൊഴിക്കെ,

ഞെട്ടി ഞാനിടിമിന്നൽ തട്ടിയ കണക്കു,ള്ളിൽ
പൊട്ടിക്കരഞ്ഞുപോയ് ഞാനൊരു നിമിഷം:

കാലടിക്കീഴിൽ ഭൂമി രണ്ടായിപ്പിളർന്നന്ധ–
കാരത്തിൽത്താണുപോവാൻ കൊതിച്ചുപോയി.

ഇല്ല ഞാൻ വാങ്ങിയില്ല നാണയം തോഴീ, നിന്ന–
തില്ല ഞാൻ പിന്നെയൊട്ടും നിന്റെ മുമ്പിൽ.

കണ്ടുപിടിച്ചുവോ നീയെന്നെയിന്നയ്യോ, കണ്ണിൽ
രണ്ടിലും മഞ്ഞളിപ്പു പടർന്നീടുന്നു.

വണ്ടിയൊത്തലക്ഷ്യൻ ഞാൻ പായുന്നു, തളിയിലെ–
ക്കണ്ടങ്കുളത്തെ റോഡും പിന്നിടുന്നു.

ഇപ്പൊഴും നിലച്ചിട്ടില്ലുള്ളിലെക്കിതപ്പെ,ന്റെ
തൊപ്പിതൻ കീഴിൽ ചെന്തീയെരിഞ്ഞിടുന്നു.

കാലടി പിണഞ്ഞു ഞാൻ വീഴ്കയോ, കമിഴ്ന്നു ഞാൻ
കീലിട്ട റോഡിൽ തീയിൽ കിടക്കുകയോ?

'മദ്യപിച്ചിരിക്കണം', 'അല്ലെങ്കിലപസ്മാരം,'
'ചത്തുവോ?' 'ശ്വസിക്കുന്നുണ്ടെന്നു തോന്നും.'

ആയിരം യോജനകൾക്കപ്പുറം നിമന്ത്രിപ്പി–
താളുകൾ: അടുത്തുനിന്നപ്പൊഴേയ്ക്കും

കല്ലായിലെൻ കുടിലിൽ കേൾപ്പൂ ഞാൻ, 'അച്ഛനുച്ച
ക്കഞ്ഞിക്കു വരാത്തതെന്തിനിയുമമ്മേ?'

# വാഗീശ്വരവാരിയർ

വെമ്പനാടൻകായലിലെപ്പാതിരാവിൽ ചുണ്ടൻവള്ള–

ക്കൊമ്പത്തേവനുദിപ്പിച്ചു ദിവ്യവൈകുണ്ഠം,

പേരറിയില്ല, ഞാൻ വീണുനമിപ്പേനാ വാഗീശ്വര–
വാരിയർതൻ സ്മൃതിയുടെ കൈവിരിക്കല്ലിൽ:

ആ വിശുദ്ധപ്രതിഭതൻ മാറത്തെ വിയർപ്പുവെള്ള–
മായിരം തലമുറകൾക്കാനന്ദതീർത്ഥം!

ചന്ദനതുളസീഗന്ധധന്യമാമപ്പുണ്യാഹത്താ–
ലന്തരംഗം ശുദ്ധിചെയ്യാൻ കഴിഞ്ഞവരെ

അന്ധകാരഗഹ്വരത്തിൽ തലചുറ്റി വീഴും മുമ്പേ
ചെന്താമരക്കണ്ണൻ വന്നു പുണരുമല്ലോ:

ആ മിഴികളുടൻ നമ്മെയശ്രുബിന്ദുദ്യുതികളി–
ലാപ്യായനംചെയ്യുമല്ലോ, മൊഴിയുമല്ലോ:

''നിന്റെ നിത്യബന്ധുവല്ലോ ഞാൻ കിടാവേ, നോക്കൂ പെട്ടെ–
ന്നെന്റെ കണ്ണു നിറഞ്ഞു നിൻ യാതന കാൺകെ.''

ൟൟൟ

വെമ്പനാടൻകായലിലെ വമ്പൻതിരമാലകളിൽ
കൊമ്പുകുത്തിക്കളിക്കുന്ന ചുണ്ടൻവള്ളമേ,

കുവലയാപീഡത്തിന്റെ കൊമ്പുരിഞ്ഞെടുത്തവനെ–
ക്കുടിവെച്ചു നിന്റെ കൊമ്പത്തേതൊരു ശക്തൻ,

അദ്ദേഹത്തിൻസ്മരണയ്ക്കു കുമ്പിടുമ്പോൾ, സത്യമായും,
കത്തുന്നുണ്ടെന്നാർത്തിയിലൊരാശ്വാസനാളം.

# ചായക്കോപ്പയിലെ കൊടുങ്കാറ്റ്

''കോപ്പയിലെച്ചുടുചായ മോന്തിടേണമെങ്കിൽ
കോപ്പയിലെക്കൊടുങ്കാറ്റും മോന്തിടേണം നിങ്ങൾ!''

ഓമലാളെൻ മേശയിന്മേൽ കൊണ്ടുവന്നു വെച്ചോ–
രാ മധുരച്ചായയിൽനിന്നുദ്ഗമിക്കും ധൂമം

എന്നൊടു മൊഴിഞ്ഞു: ''ശാന്തിപ്രാർത്ഥിയാം പൂമാനേ,
ഖിന്നത കൈവെടിഞ്ഞുടൻ ചാടിയെഴുന്നേൽക്കൂ!

ഉന്നതങ്ങളിലേയ്ക്കുള്ള മാർഗ്ഗമേറ്റം വക്രം,
എന്നുവെച്ചു ഖിന്നനായാൽ ഖിന്നനേ നീയെന്നും.

അച്ഛനമ്മമാരെ ശ്ശുശ്രൂഷിച്ചുകൊണ്ടീ ഗ്രാമ–
സ്വച്ഛതയിൽപ്പാതിമെയ്യിന്നിച്ഛയിലൊതുങ്ങി

മക്കളെപ്പുറത്തിരുത്തി നാലു കാലും കുത്തി
നിൽക്കുവാനും കുളത്തിൽപ്പോയ് രണ്ടുനേരം മുങ്ങി

ഈശ്വരപാദാനുധ്യാനമൂകതയിൽജ്ജന്മം
ശാശ്വതപ്രകാശക്ഷേത്രമാക്കി മാറ്റുവാനും

വിശ്രമത്തിൻ വേർപ്പിൽക്കായ്ച്ച കയ്പയിൽനിന്നൂറും
വിസ്മയത്തിൻ മധുരങ്ങൾ നൊട്ടിനുണയ്ക്കാനും

നല്ല വിചാരത്താൽ വാക്കാൽ ചെയ്തിയാലും ചുറ്റും
നാട്ടുകാർതൻ പുഞ്ചിരിത്തിരി കൊളുത്തുവാനും

അന്നപേയതാംബൂലങ്ങൾകൊണ്ടു, പൂമുഖത്തെ
ധന്യമാക്കുമതിഥികൾക്കർച്ചനചെയ്യാനും

ആശ വേണ്ടാ: പട്ടണത്തിന്നാരവത്തിലെത്തി–
യീശനാൽ നിയുക്തം യുഗധർമ്മമാചരിക്കൂ!

ക്ലിഷ്ടമാവാം, പക്ഷേ സ്വന്തം ധർമ്മമാചരിച്ചാൽ
കിട്ടിടുന്ന ചാരിതാർത്ഥ്യം കിട്ടലില്ല വേറെ.

ഇന്നതല്ലോ പുണ്യതീർത്ഥം, ഇന്നതല്ലോ യജ്ഞം,
ഇന്നതൊന്നു മാത്രമല്ലോ ഭൂമിയലെ സ്വർഗ്ഗം.

ധൂസരമീ യുഗത്തിന്റെ ഭാഷയല്ലോ വിപ്ര–
വാസബാഷ്പം; അതിൽത്തന്നെ മാറ്റുരയ്ക്കൂ സ്നേഹം.''

ൟൟൟ

കോപ്പ ഞാൻ കുടിച്ചു തീർത്തെണീക്കുകയായ്;പ്പക്ഷേ
കോപ്പയിലെക്കൊടുങ്കാറ്റടങ്ങുകയില്ലെന്നും.

കല്ലുപോൽപ്പടിയിറങ്ങിപ്പോന്നിടുമെൻ പിന്നിൽ–

ക്കണ്ണുനീരണിഞ്ഞ കുഞ്ഞിക്കൺകളിലെ ദൈന്യം

എന്റെ പഞ്ചേന്ദ്രിയങ്ങളിൽപ്പാകിടുന്നൂ ക്ഷീണം
എന്റെ ഹൃത്തിൽബ്ബലത്തിന്റെ ശാശ്വതപ്രമാണം.

## മാനസപുത്രിയുടെ കഥ

വെള്ളിത്താലമേന്തി വന്നിട്ടെന്നെപ്പണ്ടു തൊട്ടുണർത്തീ

വെണ്ണിക്കുളത്തിന്റെ മുഗ്ദ്ധമാനസപുത്രി.

പിടഞ്ഞെണീറ്റുഴിഞ്ഞിതാപ്പുലരൊളിക്കതിരിനെ–
ച്ചടുലമാം മിഴികളാൽക്കുമാരകൻ ഞാൻ:

മധുരിക്കും പതിനേഴിൻ മദം തുള്ളിത്തുളുമ്പുന്ന
മലരൊളി തിരളുമീ മനോജ്ഞരൂപം

എഴുപത്തിയൊന്നിൻ ദീപ്രസുപ്രശാന്തശുദ്ധിയല്ലോ
പൊഴിക്കുന്നത; ഭൗമമീ നവാനുഭൂതി!

കുളിരോലും കടക്കണ്ണിൽ ചിരിയുമായവളെന്നെ–
ക്കുളിപ്പിച്ചാളുടൻ പ്രേമസരോവരത്തിൽ.

തുടുത്ത തൻകരംകൊണ്ടെൻകരം ഗ്രഹിച്ചതിവേഗം
നടകൊണ്ടാളതിൽപ്പിന്നെ സ്സുരഭിലാംഗി.

അന്നേ വസന്തോത്സവത്തിലാദ്യമായ് ഞാൻ പങ്കുകൊണ്ടേ–
നന്നേ നൃത്യമണ്ഡപത്തിൽച്ചുവടുവെച്ചേൻ.

താലംകൊണ്ടെൻ നിറുകയിൽ പുഷ്പവൃഷ്ടിചെയ്തു നിന്നാ–
ളാ ലാവണ്യമവസാനം ജഗത്സമക്ഷം.

അനുഗ്രഹിക്കയും ചെയ്തു ''നിനക്കു തന്നരുളുന്നേ–
നനർഘമെൻ മനസ്സിലെത്തിളക്കമുണ്ണീ!''

നന്ദിയുടെ ബിന്ദു മിന്നുമെൻ മിഴിയിൽ ക്ഷണാൽ പാരി–
ന്നന്ധകാരം മുഴുവനുമലിഞ്ഞുപോയി!

ഇതു പഴങ്കഥ; പക്ഷേ കലർത്തുന്നുണ്ടിതുകൂടി–
പ്പഥികനെൻപൊതിച്ചോറിൽദ്ദധിമധുരം

## ക്ഷണഭംഗുരം

ഉണ്ടായീ ബാല്യത്തിലെൻകാലിന്മേൽച്ചിരങ്ങ,ന്നു

കണ്ടു ഞാൻ കുടുക്കയിലാക്കിയ നൂലട്ടയെ.

ആ വഴുവഴുപ്പുകളെൻ കാലിൽത്തറയ്ക്കുന്ന
ജീവിതാശതൻ മൂർച്ചയോർത്തു ഞാൻ ഭയത്തോടെ

കണ്ണുകൾ ചിമ്മീ; തുറന്നപ്പോഴോ, പെരുവിരൽ–
വണ്ണത്തിലുഴയ്ക്കുകയാണവ നിലത്തൂടെ.

അവതൻ വായിൽക്കൂടി തുറിപ്പൂ രക്തം, വൈദ്യ–
നവതൻ മുതുകത്തു കാൽമടമ്പമർത്തുമ്പോൾ!

ചോര ഛർദ്ദിക്കെക്കരിമ്പടനൂലുപോലായി–

ത്തീരുന്നു വീണ്ടും പാവപ്പെട്ടൊരാജ്ജീവാത്മാക്കൾ.

എന്നിട്ടും മനസ്സിലായില്ല,തു കാണായ്‌വന്ന–
തെന്തിനെന്നു; ഞാൻ താണ്ടീ കാൽനൂറ്റാണ്ടതിൽപ്പിന്നെ.

ഇന്നറിവേൻ: ആ വൈദ്യനീശ്വരൻ, നൂലട്ട ഞാൻ,
എന്നഹംഭാവം രക്തം; ക്ഷണഭംഗുരം ജന്മം!

# മനുഷ്യസന്നിധിയിൽ

വല പുരുഷാന്തരമൂട്ടിയ

തീരാപ്പകതൻ കൊലച്ചതിക്കൂർപ്പാൽ
പൊട്ടിപ്പിളരും സ്മൃതിത–
ന്നഗ്നിദ്രവണസ്രവന്തി ഞാൻ ചൊൽവേൻ

പല പുരുഷാന്തരമരുളിയ
കാരുണ്യജ്ഞാനദിവ്യഗർഭത്തിൽ
അനവരതം വികസിപ്പോ–
രാനന്ദത്തിന്റെ ബിന്ദു ഞാൻ ചൊൽവേൻ.

മതമെന്താകിലുമാട്ടേ,
മനുജാത്മാവേ, കരഞ്ഞിരക്കുന്നേൻ:
നിരുപാധികമാം സ്നേഹം
നിന്നിൽപ്പൊട്ടിക്കിളർന്നു പൊന്തട്ടെ!

തലമുടി,യിഷ്ടംപോലെ–
ക്കെട്ടിച്ചായ്ച്ചും ചരിച്ചുമിട്ടോളൂ;
അഥവാ, വെട്ടിയൊതുക്കി–
പ്പരിമളതൈലം പുരട്ടിവെച്ചോളൂ;

അങ്ങനെയൊന്നും ചെയ്യാ–
നല്ലാ താങ്കൾക്കു മോഹമെന്നാകിൽ,
മോഹംപോലേ തലമുടി
മുച്ചൂടായിച്ചിരച്ചുവിട്ടോളൂ.

തലയിൽക്കെട്ടും കൊള്ളാം
തലയിൽക്കെട്ടിന്നു വാഞ്ഛയുണ്ടെങ്കിൽ
തൊപ്പി ധരിക്കണമെങ്കിൽ
തൊപ്പി ധരിച്ചാലുമിഷ്ടവർണ്ണത്തിൽ.

ഇട്ടോളൂ ഭസ്മക്കുറി,
തൊട്ടോളൂ ഗോപി, ചന്ദനക്കുറിയും;
അണിഞ്ഞുകൊള്ളൂ മാറിൽ
പൂണൂലോ കൊന്തയോ ഹിതംപോലെ.

കുത്തിക്കൊള്ളൂ തട്ട–
ക്കാതുകൾ നീ, വേണമെങ്കിൽ മേൽക്കാതും;
കുത്തണമെന്നില്ലെങ്കിൽ
കുത്തുകയേ വേണ്ട രണ്ടുമാമരണം.

തട്ടം തലയിലിടാനും
മലമൽത്തുണി വിശറിവെച്ചുടുക്കാനും
ഉണ്ടല്ലോ സ്വാതന്ത്ര്യം
താലി കഴുത്തിൽദ്ധരിച്ചുകൊൾവാനും.

കുപ്പായത്തിൽ പല കൊടി
കുത്താനും കുത്തിടാതെ നിൽക്കാനും

ഉണ്ടു നിനക്കധികാരം
പൊരിവെയിലിൽ കൊടിപിടിച്ചു ലാത്താനും.

മതമെന്താകിലുമാട്ടേ,
മനുജാത്മാവേ, കരഞ്ഞിരക്കുന്നേൻ:
നിരുപാധികമാം സ്നേഹം
നിന്നിൽപ്പൊട്ടിക്കിളർന്നുപൊന്തട്ടെ!

ഊഊഊ

പറയാമെന്നല്ലാതെ,
പരനാലെന്തുള്ളു ശക്യമിപ്പാരിൽ?
ചെത്തിക്കോരണമല്ലോ
ജന്തു തനിക്കുള്ള രഥ്യ തൻ കയ്യാൽ!

സ്നേഹമുറന്നേടത്തെ
ദ്വേഷത്തീ കെട്ട കാഴ്ച ഞാൻ കണ്ടൂ;
അവിടെപ്പൂത്തൂ പെട്ടെ–
ന്നായിരമിതളുള്ള കേവലാനന്ദം.

ഏതിനുവേണ്ടിജ്ജീവൻ
ദാഹിച്ചീടുന്നു നിദ്രയിൽക്കൂടി
ഏതിന്നാരാധനയായ്–
ത്തീരുന്നൂ തൻ ചതുഷ്ടയംകൂടി,

ഏതൊന്നിനുതുല്യം പരി–
പാവനമാ, യശ്രുസൂര്യനല്ലാതെ
ഇല്ലൊന്നും ബ്രഹ്മാണ്ഡ–
പ്പൊടിതൻ പ്രജ്ഞാപ്രപഞ്ചകുഹരത്തിൽ,

അതിനെപ്പരമാനന്ദ–
ത്തിനെയാനാസം നുകർന്നു നീയെങ്കിൽ
കാണപ്പെട്ടൊരു ദൈവത–
മായീ നീയന്നുതൊട്ടു സർവ്വർക്കും.

അത്രയ്ക്കൊന്നും വളരാ–
നായില്ലെന്നാലുമില്ല ദുഃഖിക്കാൻ,
സ്നേഹത്തിന്നു വരമ്പിൽ–
ത്തന്നെ ലഭിക്കുന്നു നിദ്ര നിർബാധം.

മതമെന്താകിലുമാട്ടേ,
മനുജാത്മാവേ, കരഞ്ഞിരക്കുന്നേൻ:
നിരുപാധികമാം സ്നേഹം
നിന്നിൽപ്പൊട്ടിക്കിളർന്നു പൊന്തട്ടെ!

# അച്ഛന്റെ മൗഢ്യം

വിളറിത്തുറിച്ചിത്തിൾപോലുള്ള മിഴികളും
വിറയ്ക്കും വെള്ളിക്കമ്പിത്താടിമീശതൻ കെട്ടും
കീറിയ വസ്ത്രങ്ങളുമായൊരു വിദ്വാൻ വന്നു–
കേറിയെൻ വീട്ടിൽ, പ്രാതസ്സൂര്യരശ്മിതൻപിമ്പേ.
അൽപ്പശങ്കമാം മന്ദഹാസവുമവന്നേകീ

അക്ഷരം പിരിയാത്ത കൊഞ്ചലും മമ പുത്രൻ.

ഉണ്ണിക്കൈത്തലത്തിലെത്തോൽപ്പന്തിൽ തുളവീണി–
ട്ടുള്ളതു കണ്ടെത്തിപ്പോയാഗതനപ്പോഴേയ്ക്കും.

തന്റെ കീശയിലാകെയുള്ളൊരു വെള്ളിത്തുട്ടാ–
ത്തങ്കവർണ്ണമാം കുഞ്ഞിക്കൈയിൽ വെച്ചവൻ ചൊല്ലി,

''കിട്ടുമ്പോൾ പുതിയൊരു പന്തു മേടിക്കാനായി–
പ്പെട്ടിയിൽസ്സൂക്ഷിക്ക നീ''; ഇറങ്ങീ മുറ്റത്തവൻ.

''തിരികേ കൊടുക്കെ''ന്നു കൽപ്പിച്ചാലിരുവരും
കരയും: കുഞ്ഞിൻ പിന്നിൽ നിൽപ്പു ഞാൻ മൗഢ്യത്തോടെ.

## ഗായകനും ഗായകനും

ദൂരത്തൊരു നിഴൽ കാൺകയാൽ നിൻ കവിൾ
ചോരയ്ക്കാനെന്തിത്ര വേഗം;
വില്ലുകൾപോലെക്കുലഞ്ഞുവല്ലോ ഞൊടി–
ക്കുള്ളിൽ പുരികങ്ങൾ രണ്ടും?

അന്നമോ പേയമോ യാചിക്കാൻ വന്നവ–
നല്ല ഞാൻ ദിവ്യഗാതാവേ,
പാതയിലൂടെക്കടന്നുപോകെബ്ഭവദ്–
ഗീതം ശ്രവിച്ചു ഞാൻ വന്നു!

പണ്ടേമുതൽക്കൊരു കൗതുമുണ്ടു മേ
പാടുന്നവരുടെ പേരിൽ;
പാടുന്ന ശീലവുമുണ്ടാ,സ്വദിക്കുവാൻ
കാതുള്ളവരുടെ മുമ്പിൽ.

സ്നേഹങ്ങൾ തമ്മിൽപ്പകർന്നു രണ്ടാത്മീയ–
ദാഹവുമൽപ്പമൊന്നാറ്റാൻ,
പ്രീതിയും നീതിയും നീട്ടിവിടർത്തിയ
ചോദനയായി ഞാൻ വന്നു

ഠഠഠ

എന്നിലെ,സ്സത്യം മൊഴിഞ്ഞു ഞാൻ, എന്നിട്ടു–
മെന്തിനിസ്സംശയദൃഷ്ടി?
വെട്ടിപ്പിടിച്ചേയ്ക്കുമീയാളെൻ സാമ്രാജ്യ–
പട്ടമെന്നോ ഭവദ്ഭീതി?

മറ്റൊരാളെക്കല്ലെറിയുകയില്ല ഞാൻ,
മറ്റൊരാളെന്നെയുമില്ല.
അൽപ്പജ്ഞതകൊണ്ടെറിഞ്ഞതെൻ മൂർദ്ധാവിൽ
പുഷ്പങ്ങളായ് വന്നു വീഴും.

ഇന്നത്തെ ഗന്ധർവ്വഗായകനാണു നീ
എന്നതിൽ സംശയമില്ല!
ഭാവനയുള്ളവനൂഹിച്ചറിയുന്നു
ഭാവിയെന്നാണെന്റെ വാദം.

ഠഠഠ

മാമകാത്മാവിലെക്കണ്ണീർക്കണത്തെ നീ
മാനിപ്പീലിപ്പോഴുമെന്നോ?
എന്നാൽ തിരിച്ചു ഞാൻ പോകയാണിങ്ങോട്ടു
വന്നൊരാ ദ്വാരത്തിലൂടെ.

എന്നിലെസ്സൗഭാഗ്യബിന്ദുവെപ്പൂജിക്കൽ
നിന്നാലസാധ്യമാണെങ്കിൽ
പൂജിച്ചിടുന്നു നീ നിന്നിലെസ്സൗഭാഗ്യ–
പൂരത്തെയല്ലാ സുഹൃത്തേ!

വിശ്വസിക്കുന്നു ഞാനിപ്പൊഴും: ത്വദ്ഗീതി
വിശ്വൈകമോഹനംതന്നെ.
കാൺമീല തന്നിലിരിക്കും പുഴുവിനെ
കല്ഹാരമെന്നതേ കഷ്ടം!

''പാതയിലേക്കുള്ള വാതിലടക്കാതെ
പാടിയതാണെന്നബദ്ധം,''
എന്നവസാനം ചിരിക്കയാണല്ലി നീ?
നന്നായി, ഞാൻ ചരിതാർത്ഥൻ!

# പിണക്കം

രണ്ടുപേർ, എയും ബീയും, അല്ലെങ്കിലെക്സും വൈയും
പണ്ടൊരേ ഗർഭത്തിൽനിന്നുളവായ് പ്രപഞ്ചത്തിൽ.

കാലത്തിലൂടെ നീളം വെച്ചുവെച്ചിരുവരും
കാശെണ്ണിയെടുക്കുവാൻ പോന്നവരായിത്തീർന്നു.

ഒരു മാത്രയിൽ പെരുവിരലിൻതുമ്പും പാമ്പു–
വിരലിൻതുമ്പും ചേർന്നുനാണയച്ചെത്തം നോക്കും;

വായയിലുമിനീരുണ്ടെങ്കിൽ രണ്ടാൾക്കും പതി–
നായിരം നോട്ടെണ്ണുവാൻ പത്തുസെക്കൻഡേ വേണ്ടൂ.

അനുജൻ പിടിപ്പില്ലാത്തവനാണെന്നുണ്ടേട്ട–
ന്ന,നുജന്നാട്ടേ, പിടിപ്പേറുന്നു ജ്യേഷ്ഠന്നെന്നും.

അനുജൻവരുംമുമ്പേ ജ്യേഷ്ഠനൂൺ കഴിക്കുന്നൂ–
ണ്ട,നുജൻ ജ്യേഷ്ഠൻപോയാൽ വന്നിട്ടൂൺ കഴിക്കുന്നു.

കണ്ടുമുട്ടിപ്പോയാലോ, വല്ലതും മിണ്ടിപ്പോയീ,
കണ്ണീരു പൊട്ടിക്കെട്ടിപ്പുൽകിപ്പോയ്, തേങ്ങിപ്പോയീ.

# ആ മൊഴി നിന്റേയോ?

വണ്ടൊരു വൈശാഖമാസപ്പുലരിയിൽ
കണ്ടു ഞാൻ നിന്നെപ്പുഴക്കരയിൽ:
ഓളത്തിൽ ചാഞ്ചാടും തോണിത്തലപ്പത്തൊ–
രോമനസ്വപ്നം വിടർന്നപോലെ.

''എങ്ങു പോയാവോ കടത്തുകാരൻ വൃദ്ധ,–'

നെന്നു കേട്ടുള്ളിൽ ചിരിയുമായി
നാണിച്ചു കീഴോട്ടു നോക്കിപ്പറഞ്ഞു നീ:
''തോണിയിൽക്കേറീയിരുന്നുകൊള്ളൂ.''

എന്തു കൈവേഗം! മറുകരക്കെന്നെ നീ–
യെത്തിച്ചു, മൂളുന്ന കാറ്റുപോലെ;
കൂലി ഞാൻ നീട്ടിപ്പിടിച്ച നേരം നിന്റെ
നീലനീൾക്കണ്ണു നിറഞ്ഞുപോയി.

ചെയ്യേണ്ടതെന്തെന്നറിഞ്ഞുകൂടാഞ്ഞൂ ഞാൻ
തയ്യലേ, നിന്നെപ്പിരിഞ്ഞുപോന്നു:
കണ്ടേനതിൽപ്പിന്നെ വന്നപ്പോളൊക്കെയാ–
പ്പണ്ടത്തെ വൃദ്ധനെത്താൻ കടവിൽ.

'കുട്ടികളെത്രയാണെ'ന്നു കേട്ടദ്ദേഹം
പൊട്ടിച്ചിരിച്ചു, 'ഞാൻ ബ്രഹ്മചാരി.'
പൊട്ടിക്കരഞ്ഞുപോയുള്ളിൽ ഞാൻ പെൺകൊടീ,
വിട്ടുപോയ് ചോദിക്കാൻ പേരുപോലും!

ഓരോ വിഭാതത്തിൻ വീട്ടിലും കേറി ഞാ–
നോമനേ നിന്നെത്തിരഞ്ഞിടുന്നു;
കീശയിലിന്നുമുണ്ടന്നത്തെ യാച്ചെമ്പു–
കാശൊരു പൊൻപണമെന്നപോലെ.

വ്യാഴവട്ടങ്ങളെത്താണ്ടിക്കിതച്ചുകൊ–
ണ്ടൂഴി ചുറ്റുന്ന ഞാൻ കേൾപ്പൂ ദൂരേ:
'മാനവാത്മാവിലെക്കേവലമാധുര്യ–
മാണു ഞാൻ': ആ മൊഴി നിന്റേതാണോ?

## ആമ

**കാ**ട്ടിയേറിയ ലജ്ജാഭാരത്തിൻ കീഴിൽ കഷ്ട–
പ്പെട്ടു ഞാൻ സ്വധർമ്മത്തിലിഴവൂ പ്രാഞ്ചി പ്രാഞ്ചി.

ആളുകൾ ചോദിക്കുന്നു,'കാരാമേ, കുതറാനു–
മാവതില്ലല്ലി? അനുകമ്പാർഹമേ നിൻ ജന്മം!'

പിഴവില്ലതിൽ; പക്ഷേ തുച്ഛമെന്നസ്തിത്വത്തെ
മഴകൊള്ളാതെ, കൊടുങ്കാറ്റുകൾ കടക്കാതെ,

തീവെയിലേൽക്കാതെയും സംരക്ഷിപ്പതിക്കട്ടി–
യേറിയ ജന്മാന്തരസുകൃതത്തോടല്ലല്ലി?

ചാടാനും തിമർക്കാനും വയ്യെനിക്കതിവേഗ–
മോടാനും തലകുത്തി നില്ക്കാനും മറിയാനും.

എത്തുന്നു സങ്കേതത്തിലെന്നും ഞാൻ വൈകിത്തന്നെ;
എന്നിട്ടും കവചത്തിൽ കൂറു ഞാൻ പുലർത്തുന്നു.

ഇതിനുള്ളിൽ ഞാൻ ചൂളിപ്പിടിച്ചാൽ ചുളുങ്ങുന്നു–
ണ്ടിടിവാളുകൾപോലും, വീശുന്നതാരായാലും!

## കരതലാമലകം

ഈ യുഗത്തിന്റെ പൊട്ടിക്കരച്ചിലെൻ–
വായിൽനിന്നു നീ കേട്ടുവെന്നോ, സഖി?

ഈ യുഗത്തിന്റെ വൈരൂപ്യദാരുണ–
ച്ഛായയെൻ കണ്ണിൽ കണ്ടുവെന്നോ, സഖി?

ഈ യുഗത്തിന്റെ ദുർഗന്ധമെൻ ശ്വാസ–
വായുവിങ്കൽനിന്നുൾക്കൊണ്ടു നീയെന്നോ?

ഈ യുഗത്തിന്റെ ഞെട്ടിത്തെറിക്കലെൻ–
സ്നായുവിൽനിന്നു നിൻ നെഞ്ചറിഞ്ഞെന്നോ?

നീയഹോ രുചിച്ചാളെന്റെ ചുണ്ടിൽനി–
ന്നീ യുഗത്തിന്റെ കൈപ്പുമെന്നോ, സഖീ?

ഝഝഝ

എങ്കിൽ ഞാനാബ്ഭയങ്കരയാഥാർത്ഥ്യ–
മെന്തിനിന്നിയും മിണ്ടാതിരിക്കുന്നു?

ഹന്ത, ''ഗൃഭ്ണാമിതേ സൗഭഗത്വായ
ഹസ്ത''മെന്നു ഞാൻ പണ്ടു ജപിച്ചപ്പോൾ

നിന്റെ കയ്യെന്റെ കയ്യാൽ ഗ്രഹിച്ചപ്പോ–
ളെന്റെ ദേഹം വിയർത്തുപോയോമനേ!

പൂവുപോലെപ്പരിശുദ്ധമായ നിൻ–
ജീവിതത്തിൻമൃദുലദലങ്ങളിൽ

ഞാനറിയാതെയെൻ ചളിക്കൈനഖ–
പ്രീണനംകൊണ്ടു വാറിക്കളഞ്ഞാലോ!

ഝഝഝ

ആ വിയർപ്പിന്റെ തുള്ളിയുണ്ടിന്നുമെ–
ന്നാത്മശക്തിതൻ മുത്തുക്കിരീടമായ്

ഉജ്ജ്വലപ്രഭ തൂകിത്തിളങ്ങുന്നി–
തുഗ്രമാമെന്നബോധാന്ധകാരത്തിൽ.

ഈയനുഗ്രഹമില്ലായിരുന്നെങ്കി–
ലീഷലെന്നിയേ ചൊല്ലേണ്ടിവന്നേനേ:

പണ്ടു 'ഗൃഭ്ണാമി' ചൊല്ലി നിൻ കൈമലർ–
ച്ചെണ്ടു കയ്യിലുടക്കിയ പൂരുഷൻ,

ഏതമൂല്യസ്യമന്തകരത്നവു–
മേതപൂർവ്വസൗഗന്ധികപുഷ്പവും

നേടുമെന്നു പെരുമ്പറതാക്കുന്ന
മുഢതയാൽ കവചിതപ്രത്യയൻ,

നൂറുവട്ടം ദഹിച്ചുകഴിഞ്ഞതിൻ–
ചാരമാണിന്നു നിൻ മുന്നിൽ നിൽപ്പവൻ.

ഝഝഝ

അന്നു പാടിയ പാട്ടുകൾ പാടുവാ–
നന്നു ചൊല്ലിയ നർമ്മങ്ങൾ ചൊല്ലുവാൻ

അന്നു തൂകിയ പുഞ്ചിരിതൂകാനു–
മിന്നെനിക്കു പടുത്വമില്ലോമനേ!

ഇന്നു കണ്ണീരിൽ നിഷ്പന്ദവൃത്തിയാം

കണ്ണുകൊണ്ടറിയുന്നു ഞാൻ സുസ്പഷ്ടം

എന്റെ കയ്യിലിരിക്കുന്ന നെല്ലിക്ക–
യെന്നപോലീ പ്രപഞ്ചം മുഴുവനും.

ഇച്ചെറുഫലം കുത്തിച്ചതയ്ക്കാനോ
ഇച്ചെറുഫലം വെട്ടിപ്പൊളിക്കാനോ

ഇല്ലെനിക്കു കരുത്തീ ഫലത്തിന്മേൽ
പല്ലുകൊണ്ടൊന്നു പോറുവാൻപോലുമേ.

ഊഊഊ

നേരുതാ, നൊറ്റക്കാലടിവെപ്പിൽ ഞാൻ
പാരിതൊട്ടുക്കളന്നിട്ടുമുണ്ടാവാം,

ആഴിയൊട്ടുക്കൊരൊറ്റക്കുടന്നയി–
ലാക്കി ഞാനാചമിച്ചിട്ടുമുണ്ടാവാം.

എങ്കിലും സഖി, രാത്രികളില്ലാത്ത
ചെങ്കനലു ചൊരിയും മിഹിരനിൽ,

രിക്തവാതമാമിബ്ബഹിരാകാശ–
വിപ്രവാസദുഃഖത്തിൽ, വെന്തെൻ ജഡം

എത്രമാത്രം വിലക്ഷണമായിട്ടു–
ണ്ടെന്നറിയുന്നൂ ഞാൻ മാത്രമോമനേ!

ഊഊഊ

ചാരമാമെന്നെ കർമ്മകാണ്ഡങ്ങളിൽ
ധീരനാക്കുന്നതെന്തൊക്കെയാണെന്നോ?

നിന്റെ രൂപവും വർണ്ണവും നാദവും
നിന്റെ പൂഞ്ചായൽ തൂകും സുഗന്ധവും

നിന്നിലെന്നും വിടരുമനാദ്യന്ത–
ധന്യചൈതന്യനവ്യപ്രഭാതവും

നിൻ തളർച്ചയും നിന്നശ്രുബിന്ദുവും
നിന്റെ നിർമ്മലപ്രാർത്ഥനാഭാവവും!

# കലോപാസകൻ

"കാറു വാങ്ങണമച്ഛൻ" എന്നോതും കിടാവിന്റെ
മാറിലെച്ചൂടാൽ ശീതം പോക്കി ഞാനിരിക്കുമ്പോൾ

ഊണരി നേടാൻ വെമ്പിക്കഴയ്ക്കും പാദത്തോടെൻ
പ്രാണനുണ്ടുത്കണ്ഠതൻ മുൾക്കിരീടത്തിൻ കീഴിൽ

കൂന്നിഴയുന്നൂ നീണ്ട നരകത്തെരുവിലെ–
ക്കൂരിരുട്ടി,ലാ സ്നേഹവിദ്യുത്തിൻ വെളിച്ചത്തിൽ

ഒന്നു നിൽക്കുവാനൊരു പുഞ്ചിരി തൂകാൻ സ്വന്തം
കണ്ണീരു തുടയ്ക്കാനും സമയം ലഭിക്കാതെ.

അപ്പൊഴും കുറിച്ചുപോലെന്റെ തൂലിക നൂറു
നിർഭരാഹ്ലാദത്തിന്റെ ഭാഷയും ചിത്രങ്ങളും;

ഉത്ഭവിച്ചുപോലെന്റെ കണ്ഠത്തിൽ മാധുര്യങ്ങ–

ളപ്പൊഴുമെൻ കാലടിമലരിൻ സ്പന്ദത്തിലും.

എന്നിലെസ്സുധ പാനം ചെയ്തുചെയ്തജ്ഞാതരെൻ–
ഖിന്നസോദരർ ചിരഞ്ജീവികളായീപോലും!

ഊഊഊ

കേൾപ്പു ഞാനെന്തോ ശബ്ദം; കൺമിഴിക്കുമ്പോൾക്കാണ്മൂ,
കൂപ്പുകൈച്ചെന്താർമുകുളങ്ങളുണ്ടിന്നെൻ ചുറ്റും.

തങ്ങൾതൻ മിഴിനീരും വിയർപ്പും ചെഞ്ചോരയും
തിങ്ങിയ വേഷത്തോടെ വന്നു ചോദിപ്പൂ ലോകർ:

''എങ്ങനെ വെളുത്തുപോയമ്പമ്പോ മഹാത്മാവേ,
അങ്ങതൻ ശിഖകളിത്താടിരോമവുംകൂടി?

തേടിയില്ല നീ വിത്തം, ബിരുദ,മധികാരം;
നേടിയില്ല നീ മോടിയുള്ളൊരു വസ്ത്രം പോലും.

മത്തനായ്ത്തീർന്നീല നീ പരസ്ത്രീവചസ്സിന്റെ
ഹൃദ്യമാം പതയാലോ മദ്യത്തിൻ ചിരിയാലോ.

രുജതന്നവതാരരൂപമേ, ഒരിക്കലും
രുചിയോടിരുന്നന്നം കഴിച്ചീലിജ്ജന്മം നീ.

ഉറങ്ങാനന്നത്തൂവൽമെത്തയും സമ്പാദിച്ചീ–
ലു,റങ്ങീല നീ, സ്വപ്നം കണ്ടു നീ ദിവാനിശം

ദിവ്യമോഹനസ്നേഹധർമ്മലോകത്തിൻ ശാന്തി–
ഭവ്യമാം കതിർക്കുലച്ചാർത്തിലെ സ്വർണ്ണങ്ങളെ!

എന്തൊരു നിരന്തരഭ്രാന്തി! എന്നാലും നിന്റെ
ചെന്തളിർവിരൽ തൊട്ടതൊക്കെയും പൊന്നായല്ലോ!

നാവിനാൽ മനസ്സാലും ഞങ്ങളീ നിഷ്കിഞ്ചനർ
താവകോഽഗ്രാത്മീയകാന്തിയെ പ്രകീർത്തിക്കെ

ഫുല്ലമാവുന്നൂ നീണ്ടു പടരും നിന്നായുസ്സിൻ
വല്ലിമേൽ സന്തുഷ്ടിയോ കോപമോ മറ്റേതാണ്ടോ?

അരച്ചാൺവയറിന്നായ് കർമ്മങ്ങളനുഷ്ഠിച്ചു
മരിക്കുന്നവർ ഞങ്ങൾക്കറിഞ്ഞാൽകൊള്ളാം ശ്രീമൻ,

ജീവിതസാഫല്യത്തിൻ പൊരുളെങ്ങുലകത്തിൽ
കേവലമൃത്പിണ്ഡത്തിന്നുള്ളിലോ പുറമെയോ?

നിമിഷങ്ങളോ മീതെ നിത്യതതാനോ? കുഞ്ഞിൻ
ചിരിയോ പാരിൻ കൃതജ്ഞതയോ പരം മോക്ഷം?

ഊഊഊ

ഞാനിരിക്കുന്നൂ മ്ലാനൻ താടിക്കു കയ്യും കുത്തി:
പ്രാണനീ പ്രപഞ്ചത്തെപ്പുൽകുന്നു, ചുംബിക്കുന്നു.

നിറയും മിഴികളാൽ പിന്നെ ഞാനാകാശത്തും
ചിരിക്കും കിടാവിന്റെ കണ്ണിലും പറക്കുന്നു.

എരിയും വയറ്റത്തു കൈ വെച്ചു തേങ്ങിത്തേങ്ങി–
ക്കരയാൻ മോഹിച്ചിട്ടും ഊറി ഞാൻ ചിരിക്കുന്നു;

ഇങ്ങനെ ചോദിക്കയും ചെയ്‌വു:''ഹേ ഭ്രാതാക്കളേ,
നിങ്ങളെന്തറിഞ്ഞെന്നെ കൈകൂപ്പി നിൽപ്പൂ, കഷ്ടം.!''

# വള്ളത്തോൾ മരിച്ചപ്പോൾ

ചോരും വേർപ്പുകൾകൊണ്ടു കേരളകലാ–
ലക്ഷ്മിക്കു തൂമുത്തുപൂ–
ണാരം തീർത്ത മഹാകവിത്തലവനാം
'ശൃംഗാരനാരായണൻ'
പ്രാരബ്ധം തിരതല്ലിടും നിജയശഃ–
ക്ഷീരാബ്ധിയിൽക്കാലമാം
ഘോരാഹിക്കുളിർമെത്ത പൂകിയൊടുവിൽ–
പ്പള്ളിക്കുറുപ്പായിതോ?

നേരല്ലോ സമരാഗ്നിയേറ്റു പിടയും
ലോകങ്ങൾതൻ പുണ്ണിലുൽ–
സ്മേരം തൻ നറുതേനൊടൊത്ത കവിതാ–
സാരം പുരട്ടുന്നവൻ,
ധീരാദ്വൈത മനോജ്ഞവേണുനിനദം
വർഷിച്ചുപോരുന്ന ഗം–
ഭീരൻ പോയി; വരില്ലിനിത്തിരികെയാ
മന്വന്തരോദ്ഘാടകൻ.

പ്രേമം പൂണ്ടെഴുപത്തിയൊമ്പതു വസ–
ന്തർത്തുക്കളാ രാജസ–
ശ്രീമന്മൂർത്തിയൊടൊത്തു രാസവടിവിൽ
ക്രീഡിച്ചുതീരുംവരെ
ഈ മന്നാകെ യശോദയെന്നപടിയു–
ദ്രോമാഞ്ചവൃന്ദാവന–
പ്പൂമാലത്തുടർപൂണ്ടുനിന്നതു വിചാ–
രിച്ചാൽത്തുളുമ്പും മിഴി

കണ്ടീലാ മലയാളിയിന്നുവരെയും
മാംസാസ്ഥിമജ്ജാസ്രമാർ–
ന്നുണ്ടായോരു വിരാട്പുമാനെ വിധിപോ–
ലെന്നോതുവാൻ വയ്യിനി;
കണ്ടൂ, കണ്ടുരസിച്ചു, തൊട്ടുതടവീ,
കെട്ടിപ്പുണർന്നൂ, കരൾ–
ക്കൊണ്ടൂ, നിർവൃതിപൂണ്ടു– പിന്നെയവന–
പ്രത്യക്ഷനായെങ്കിലും.

ഞാനാരാണവനെക്കുറിച്ചു പറയാൻ,
പാടാൻ, പ്രസംഗിക്കുവാൻ?
ആനയ്ക്കുള്ള ബലം മതിച്ചു പറയാൻ
പൂനയ്ക്കു സാധിക്കുമോ?
''ഹേ നീയെന്തറിവൂ?'' മഹോദ്യമനുടൻ
ചൊല്ലുന്നുവോ ദൂരെ നി;–
''ന്നീ നാല്ക്കൊമ്പെഴുമാന പണ്ടൊരു വെറും
പേനായിരുന്നൂ, ശിശോ!''

സത്യം നിൻമൊഴി; എങ്കിലും കുലഗുരോ,
മറ്റാരിലുള്ളൂ ഭവൽ–
സ്തുത്യാനന്ദതപസ്യ, ആപ്പരിണത–
സ്വപ്രത്യയസ്ഥൈര്യവും,

നിത്യപ്രോജ്ജ്വലമാം സ്യമന്തകമഹാ–
രത്നംകണക്കെബ്ഭവാ–
നത്യന്തപ്രിയമാർന്നുപട്ടടവരെ–
ക്കാത്തോരഹംഭാവവും?

## ഒരു രഹസ്യം

‘‘നാടു കൈമോശം വന്ന നാട്ടുരാജാവേ,’’ കവി–
യോടു ചെന്നുണർത്തിച്ചൂ സാഹിത്യവിമർശകൻ,

‘‘കാഥികരല്ലോ മേലിൽ ബ്ഭരണാധികാരികൾ;
ഗാഥികർ നിങ്ങൾക്കോരോ വോട്ടധികാരംമാത്രം.

ഇന്നലെച്ചെങ്കോലുകൊണ്ടന്യരെ പ്രഹരിച്ചോ–
നിന്നു വൃത്താലങ്കാരച്ചുമട്ടുകാരൻമാത്രം.

പറയാൻ തോന്നുന്നതു ഗദ്യത്തിൽ നേരെ ചൊവ്വേ
പറയൂ, നിലനിൽക്കാനാഗ്രഹിക്കുന്നുണ്ടെങ്കിൽ!’’

ൗൗൗ

രണ്ടു കൈകളും കൂട്ടിത്തൊഴുമീക്കവി വെറും
മണ്ടനോ? മന്ദസ്മിതം പൊഴിച്ചാനവൻ പിന്നെ,

‘‘ഇന്നലെബ്ഭരിച്ചുവോ നാടു ഞാൻ? ആശ്ചര്യമാ–
ണിന്നതു കേൾക്കെ;ക്കാതിൽ പ്പറയാം പരമാർത്ഥം:

പാടുവാൻ തുടങ്ങുമ്പോളെന്നെ ഞാൻ മറക്കുന്നു,
പാവം ഞാൻ ഭരിക്കുവാൻ ശക്തനല്ലെന്നെപ്പോലും!’’

## അന്തിത്തിരി

അന്തികറുത്തില്ലപ്പോഴേയ്ക്കു–
ണ്ടമ്മൂമ്മ നാമം ജപിക്കുന്നു,

‘‘തങ്കമ്മേ, നീയെവിടെപ്പോയെടി
തങ്കമ്മേ, എടി തങ്കമ്മേ?’’

എങ്ങും പോയിട്ടില്ല ഞാൻ മുറ്റത്തെ
മങ്ങൂഴത്തിലിരിക്കുന്നു,

മുല്ലപ്പൂക്കളറുക്കുന്നു, അതു
വല്ലത്തിങ്കൽ നിറയ്ക്കുന്നു.

മുല്ലത്തറയിൽ തിരിവെയ്ക്കാഞ്ഞി–
ട്ടല്ലേ വെപ്രാളമമ്മൂമ്മേ?

വെച്ചേയ്ക്കാം ഞാൻ, ആദ്യം പക്ഷേയീ
വെണ്മലർമാല കൊരുത്തോട്ടെ.

മുല്ലയ്ക്കൽ തിരിവെച്ചാൽ തെല്ലിട–
മുറ്റം പുഞ്ചിരി പൂണ്ടേയ്ക്കാം:

ഞാനീ മാല ധരിച്ചാലന്തിക്കെൻ–
നാഥനും പുഞ്ചിരി പൂണ്ടേയ്ക്കാം

മുറ്റത്തിൻചിരി നിമിഷം: പക്ഷേ
മറ്റേതെന്നിലിരുന്നേയ്ക്കാം,

നിമിഷംതോറും വികസിക്കുന്നൊരു
നിത്യാനന്ദത്തിരിപോലെ.

അപ്പോളേയ്ക്കും പൂമുഖവാതിൽ–
ച്ചീർപ്പിന്നെന്തീ ക്രേങ്കാരം?

വരവായീ വടി കുത്തീട്ട,ന്തി–
ത്തിരിവെയ്ക്കാഞ്ഞുള്ളസ്വാസ്ഥ്യം.

ആ മിഴിമുനയിൽ കത്തും വിശ്വാ–
സാധിക്യത്തിൻ ചൂടാലേ

ഞാനപരാധിനി ചൂളുന്നൂ, മൽ–
പ്രാണഞെരമ്പു വിയർക്കുന്നൂ.

എത്ര ശകാരം കേൾക്കണമിനി ഞാ–
നെത്ര മണിക്കൂറുപദേശം!

കണ്ടുപിടിക്കും ഞൊടികൊണ്ടെൻകൈ–
ത്തണ്ടയിലാടും പൂമാല!

മണ്ണിലെറിഞ്ഞാലെന്തിതു? പെട്ടെ–
ന്നെന്നിൽച്ചെറിയൊരു സന്ദേഹം:

എറിയാനെങ്ങനെ കൂടും കൈ? തല–
തിരിവൂ പരിമളമേളത്തിൽ!

മുഴുവൻ കണ്കൾ മിഴിക്കും മുമ്പീ
വഴിയും വശ്യതയുണ്ടെങ്കിൽ

വഴിയേ മുല്ലപ്പൂന്തുടരേ, നീ
മുഴുവൻ കണ്കൾ മിഴിച്ചാലോ?

അപ്പോഴേയ്ക്കു കിതച്ചുകിതച്ചെ–
ന്നരികത്തെത്തിയ വാർദ്ധക്യം

കയ്യിലെ വടിതൻ മകുടംവരെയും
മെയ്യു കുനിച്ചു കുരയ്ക്കുമ്പോൾ

നിശ്ശബ്ദതയിൽ കത്തും പരിമള–
നിർഭരദിവ്യമുഹൂർത്തത്തെ

നാസ വിടർത്തിപ്പാനംചെയ്താ
ഭാസുരഹൃദയം വിടരുമ്പോൾ

പെട്ടെന്നെന്നെശ്ശീതളമാം ര–
ണ്ടസ്ഥികൾതൻ വിറ പുൽകുന്നു;

നിറുകയിലേതോ താപകണം വീ–
ണെരിവൂ! കാതു കുളിർക്കുന്നൂ:

‘‘ജീവാത്മാവിൻ തരളത നീക്കും
പാവനമാമിസ്സൗരഭ്യം

ആകൽപ്പം നിലനിൽക്കാനല്ലോ
അന്തിത്തിരി നാം വെയ്ക്കുന്നു!’’

ശരിയാവാമതു തെറ്റും; ഞാനെൻ
കരളിലെ മിന്നൽപ്പിണർ വെപ്പൂ,

അശ്രുവിലെരിയും തിരിപോൽപ്പെട്ടെ–

ന്നമ്മൂമ്മയ്ക്കും മുല്ലയ്ക്കും.

## മറുനാടൻ മലയാളിയുടെ പാട്ട്

പച്ചിലക്കുപ്പായമിട്ട നാടേ, ജയ,

പട്ടുപൂമാല ധരിച്ച നാടേ,
നീലക്കടലലപ്പാവാടയും സഹ്യ–
ശൈലത്തലപ്പാവും പൂണ്ട നാടേ, മുല–
പ്പാലിലദ്വൈതം കലർന്ന നാടേ!

നിന്നിൽന്നിന്നെത്രയോ ദൂരെ ദൂരെ
വന്നവരാണുപജീവനാർത്ഥം;
എന്നാലും പെറ്റമ്മയാം മലയാളമേ,
നിന്നാലെ ജീവിച്ചിരിപ്പൂ ഞങ്ങൾ, ഇന്നും
നിന്നാലെ ജീവിച്ചിരിപ്പൂ ഞങ്ങൾ.

എന്നും പുലർച്ചയ്ക്കുണർന്നെണീറ്റാൽ
നിന്നെ സ്മരിക്കുന്നു ഞങ്ങളാദ്യം.
ക്ഷീണിച്ചു പാർപ്പിടത്തിങ്കൽ വന്നന്തിക്കു
വീണുറങ്ങുമ്പൊഴുമപ്രകാരം, ഞങ്ങൾ
വീണുറങ്ങുമ്പൊഴുമപ്രകാരം.

ഇങ്ങുള്ള ചോളവയലിലൂടെ
ഞങ്ങൾ വല്ലപ്പോഴും യാത്രചെയ്താൽ
നാട്ടിലെക്കൊയ്ത്തുപാടങ്ങൾതന്നോർമ്മയാൽ
നാസികാദ്വാരം വിടർന്നിടുന്നു, ക്ഷണാൽ
നാസികാദ്വാരം വിടർന്നിടുന്നു.

പാതിരായ്ക്കെങ്ങാനുണർന്നുപോയാൽ
പാതയിൽ കൺനട്ടു നിന്നുപോകും;
കാതങ്ങൾ നീന്തിക്കഥകളിച്ചേങ്ങലം
കാതിലലയ്ക്കുകയായിരിക്കും, അപ്പോൾ–
ക്കാതിലലയ്ക്കുകയായിരിക്കും.

അമ്പലപ്രാവിൻകുറുകലാട്ടേ,
തുമ്പക്കുടത്തിൻ തിളങ്ങലാട്ടേ,
വിസ്മരിക്കാൻ വയ്യ കോവിലിൻ മുറ്റത്തെ–
ക്കൃഷ്ണത്തുളസിതൻ ഗന്ധംപോലും ഒരു
കൃഷ്ണത്തുളസിതൻ ഗന്ധംപോലും!

## ആര്യൻ

മുറുക്കാൻകടയുടെ മുന്നിലെത്തവേ പൊതു–

നിരത്തിൽ കൈകാട്ടിപോൽ നിന്നുപോയതെന്താര്യൻ?

കീശയിലില്ലാ മൂന്നുപൈസയെന്നറിഞ്ഞ ഭ–
ഗ്നാശയോ നീറുന്നൂ നിന്നിടങ്കൈവിരൽകളിൽ?

മണ്ടയിൽ വരച്ച തൃക്കയ്യിന്റെ തൃപ്പാദത്തിൽ
കൊണ്ടുവോ മനസ്സെ,ന്തേ പെട്ടെന്നു കൂമ്പീ നേത്രം?

വാടകവീട്ടിൽ പനി പിടിച്ച കുഞ്ഞിന്നു നീ
മേടിച്ചുകൊടിത്തില്ല മരുന്നെന്നല്ലീ ഖേദം?

കിട്ടുന്നു മാസാമാസം ശമ്പളം; പക്ഷേ കൂട്ടി–
മുട്ടുന്നില്ലിരുതല: ഗസറ്റിൽ പേരില്ലല്ലോ!

അരിക്കോ ലാഭം കരിഞ്ചന്തയിലിപ്പോൾ പച്ച–
ക്കറിക്കോ മണ്ണെണ്ണയ്ക്കോ തുണിയ്ക്കോ കല്ലുപ്പിനോ!

ചൊട്ടുവിദ്യയിൽ ജലനിരപ്പു താണൂ; കത്തി–
ക്കെട്ടുകൊണ്ടിരിക്കുന്നൂ നഗരം കൂട്ടത്തോടെ.

കണ്ണിലിറ്റിക്കാൻ തന്നിരുന്നതും വറ്റീ പൈപ്പിൽ;
വിണ്ണിലപ്പോഴും ദയ പൊടിഞ്ഞീലൊറ്റത്തുള്ളി.

എടവം പത്തൊമ്പതായ്, പെട്ടിയിൽ കാശില്ലെങ്കിൽ
കുടിയ്ക്കില്ലിനി; പിന്നെക്കുളിക്കാനാരുണ്ടാവും?

കാറുകളലക്ഷ്യമായ് മാനത്തു തെണ്ടീടുന്നൂ;
കാടെല്ലാം പണക്കൊതി വീടാക്കിക്കളഞ്ഞില്ലേ?

നിന്നിലിപ്പൊഴും ധർമ്മാനുഷ്ഠാനത്വര പക്ഷേ
നിർവ്വിശങ്കമാണ,തു ഭാഗ്യമോ ഭാഗ്യക്കേടോ?

ഊഊഊ

ഇന്നലെ തൊഴിലാളിസർവ്വാധിപത്യത്തിന്റെ
വെന്നിച്ചെങ്കൊടി നിന്റെ നട്ടെല്ലിൽ പറപ്പിക്കെ

പട്ടുപോലെഴും ഫ്യൂഡൽസ്നായുക്കൾ പിരിച്ചല്ലോ
കെട്ടിയതാ നോവറിഞ്ഞില്ല നീയാവേശത്താൽ

നിങ്കൽ നീ കാണാതെ ജീമൂതവാഹന ബുദ്ധ–
ശങ്കരാദികൾ പാർക്കും മിഹിരദ്വീപിൻ സ്ഥൈര്യം.

നിൻ പിതൃപിതാമഹപ്രപിതാമഹന്മാർത–
ന്നൻപുറ്റ മനോവാക്കർമ്മങ്ങൾതൻ പാരമ്പര്യം,

*ഉർവ്വരാന്തരപരിസ്രുതകീലാലംപോൽ നി–
ന്നുള്ളിൽ വർത്തിക്കും ജന്മാന്തരവാസനാവീര്യം

നിലനിൽപ്പോളം, ഹാ, സന്ത്യാഗസംഗതികളിൽ
വിലയംകൊള്ളായ്‌വതെമ്മട്ടിൽ നിന്നഹംബുദ്ധി?

കേണുപോമപസ്വരം കേൾക്കുകിൽ, വീഴക്ഷരം
കാണുകിൽ: അമ്മട്ടുള്ളതല്ലി നിൻ പരിശുദ്ധി?

ഒടുവിലീ'യെമ്മെസ്സും' ദില്ലിയിൽ സർക്കാരേറോ–
പ്ലെയിനിലിറങ്ങവേ പൊങ്ങി നിൻ ധന്യോച്ഛ്വാസം.

കരിയുന്തിയ തഴമ്പന്നല്ലോ നവയുഗ–
ക്കതിരിൻമണിക്കനമറിഞ്ഞൂ മലനാട്ടിൽ!

ഊഊഊ

എന്നാലുമാര്യൻ നീയെന്തായ്ത്തീർന്നു? ''നാലോണത്തി–
നെങ്കിലും പഴംനുറുക്കുണ്ടാവാതിരിക്കില്ല,''

കുട്ടികൾ കൊതിക്കവേ പടിവാതിലിൽബ്ബലി
മുട്ടിനാൻ; കേട്ടീലാരും: അദ്ദേഹം മടങ്ങിപ്പോയ്.

പട്ടയത്തിലുണ്ടിന്നുമായിരം പറ പാട്ടം;
കുട്ടികൾ കഞ്ഞിക്കരി കാണാഞ്ഞു വിളറവേ

കുടിപ്പൂ കട്ടൻകാപ്പി; വിശാഖം തിരുനാളിൻ–
കൃപയാം കപ്പക്കമ്പാലുദരം ഭരിയുന്നൂ.

പടുകൂറ്റനാണില്ലം, ഇടിയാറായീ, പൊളി–
ച്ചെടുക്കാം, തൊടാൻ പക്ഷേ മടിയിൽക്കനം വേണം.

പരദേവതയുണ്ടേ ശ്രീലകത്തെ,ന്നാൽ മച്ചി–
ന്നിരുട്ടിൽ പെരുച്ചാഴി പത്തായം വിഴുങ്ങുന്നു.

ശാന്തിമുട്ടിയ വിഷ്ണുക്ഷേത്രത്തിലിപ്പോൾ കൃഷ്ണ
ക്രാന്തിയോ പടരുന്നൂ കള്ളിയോ കാട്ടുള്ളിയോ?

നാമമാത്രമാ വലിയമ്പലത്തിൽവെച്ചല്ലോ
നാലഞ്ചുവയസ്സിങ്കലാര്യൻ നീ ചെവിക്കൊണ്ടൂ

രഥ, നെഡ്ഢവും കറുത്തേടവുമല്ലോ ചൊല്ലി;
പ്രഥമൻ കുടിക്കാനും മറന്നേപോയന്നുണ്ണി.

അന്നു നീ മനുഷ്യകണ്ഠത്തിലെ സ്വർഗ്ഗം കണ്ടാൻ;
അച്ചുതൻനെഡ്ഢം വെറും മർത്യനോ ഗന്ധർവനോ?

ക്ഷേത്രപാലൻപോൽ നിൽക്കുമച്ഛനന്നോതി, ‘‘എന്തു
മാത്ര?’’ ഇന്നധ്യാത്മവിദ്യാലയംതാനാ ക്ഷേത്രം:

വായുവിൽത്തലകുത്തി നിന്നുകൊണ്ടാലിൻകൊമ്പ–
ത്തായിരം വവ്വാലുകൾ കലമ്പും സായാഹ്നത്തിൽ

ഒരൊറ്റപ്പല്ലില്ലാത്ത മുത്തശ്ശിച്ചിറയുടെ
മടിയിൽ ബ്രഹ്മം കണ്ടു കിടക്കും ബിംബം നോക്കൂ!

ആനവീണീടും കാടും റബ്ബറെസ്റ്റേറ്റും കാറും
ഫാനുമില്ലെയർക്കണ്ടീഷനറും ഫ്രിജിഡേറും

ഫോമിന്റെ ബെഡ്ഡും ട്രാൻസിസ്റ്ററുമില്ല;– റകളിൽ
തൂമയിൽ സ്ഫടികത്തിൽ സുവർണ്ണമത്സ്യങ്ങളും

ചട്ടിയിൽ വളർന്ന പൂവല്ലിയും ചെമ്പൻപട്ടി–
ക്കുട്ടിയുമില്ലോ,– വൽട്ടിന്നില്ല ഗ്ളൂക്കോസും പക്ഷേ,

നിനക്കും തറവാടിൻ തട്ടകത്തുണ്ടേ നേർത്ത
നിനവിൽ കത്തും ഭദ്രദീപത്തിൻ വെളിച്ചങ്ങൾ;

ആത്മാവിൻ നടുമുറ്റപ്പന്തലിൽപ്പടർന്ന,മേ–
യാഹ്ലാദക്കുളിർ തൂകും സുഗന്ധത്തൂവെള്ളകൾ;

തുളസീപിഞ്ഛം; വില്വത്രിണേത്രം; ബാല്യസ്വർണ്ണ–
ക്കിളി കൂജനം ചെയ്യും ശർക്കരക്കൊടോന്മാവും.

ഒക്കെയും കൈവിട്ടു നീ, ‘പശു’വിൻതലകൈകാ–
ലഗ്നിയിൽ പശുതന്നെ ഹോമിക്കുന്നതു പോലെ;

സ്വന്തങ്ങളൊക്കെക്കൈവിട്ടോടി നീ, തെക്കേമഠം–
സ്വാമിയാരായിപ്പണ്ടൊരപ്ഫൻ പോയതുപോലെ

അസ്വതന്ത്രാധ്വാനത്തിൽ പട്ടണവിയർപ്പിൽ ചെ–
ന്നാഴുവാൻ, തീർത്ഥസ്നാനപുണ്യമാം ഗോതമ്പപ്പം

പ്രാണന്നുമപാനന്നും വ്യാനന്നുമുദാനന്നും
പ്രാശന കൊടുത്താശ്വസിക്കുവാൻ സമാനന്നും!

കിട്ടുന്നു മാസാമാസം ശമ്പളം; പക്ഷേ, വേർപ്പു
വറ്റുമോ? ഗസറ്റിൽ നിൻപേർ പതിയില്ലിജ്ജന്മം!

അല്ലി,തെന്താഹ്ലാദമോ തുടിക്കുന്നു നിൻ കണ്ണിൽ?
അച്ഛന്റെ കാല്ക്കൽ പണ്ടു സംസ്കൃതം പഠിച്ചപ്പോൾ

കാളിദാസൻതൻ വാഗീശ്വരത്വംമൂലം നിന്നിൽ
മൂളിയ കുതൂഹലം വിളിക്കുന്നുവോ വീണ്ടും?

മുഗ്ദ്ധരാഗത്തിൻ തപോബലത്താൽ സ്വയം ഗൗരി
മുഷ്കരനൊരു കാളക്കുട്ടനെക്കെട്ടും പോലെ

ത്രിപുരാന്തകത്രിയംബകനെബ്ബന്ധിച്ച ഭൂ–
വപരാജിതമിന്നും ശാന്തിതൻ രത്നാകരം

ധന്യമുൽഫുല്ലം സ്ഥിരധാരമുജ്ജ്വലം സൂക്ഷ്മം
പുണ്യമുൽബ്ബണം നിത്യം നിർബാധം സ്ഥിതപ്രജ്ഞം.

വിളിക്കുന്നുവോ വീണ്ടും നിന്നെ നിന്നാത്മാവിലെ–
ത്തിളയ്ക്കും മുമുക്ഷതൻ ദാഹങ്ങൾ ബുഭുക്ഷകൾ,

ദാനനിർവൃതപൂർണ്ണബ്രഹ്മസത്യോദ്ഗാരങ്ങൾ,
നാദസൗരഭവർണ്ണമാധുര്യസംസ്പർശങ്ങൾ?

ഇല്ല, നിൻവികസ്വര മന്ദഹാസത്തിൽ കാണു–
ന്നില്ലൊരു നിഴൽത്തലനാരു, മിതെന്താശ്ചര്യം!

നിന്നിലെച്ചെന്താമരവിത്തറ തുറന്നെ,ന്റെ
കണ്ണിലീ വിരിയുന്നതാദിമോഷസ്സല്ലല്ലീ?

‘‘അത്തിതൻ മധുരത്തിൽ നിൻ കൈകാൽചിറകൊട്ടി–
ച്ചത്തുപോവതിലല്ലോ മക്ഷികേ, നിൻസാഫല്യം!’’

ൗൗൗ

അക്ഷമം പാഞ്ഞെത്തുന്നു മോട്ടോർസൈക്കിളു,മോട്ടോ–
റിക്ഷയും കാറും ബസ്സും: ആര്യ, നീ ശ്രദ്ധിച്ചാലും!

ഭംഗുരക്ഷണങ്ങൾതന്നിടയിൽ സനാതന–
മംഗളമുഹൂർത്തത്തിൽവെച്ചൊരു വാക്കുംകൂടി:

ചൊറിയാൻ വളർതാട കാട്ടി നിൻ ചാരത്തയ–
വിറക്കിക്കൊണ്ടില്ലത്തെച്ചെമ്പിപ്പയ്യിനെപ്പോലെ,

നിന്നിൽനിന്നൊരു ഗായത്രീസ്വനം കേൾക്കാൻവേണ്ടി
വന്നുനിൽക്കുമീ ത്രിസന്ധ്യയെ നീ കണ്ടില്ലയോ?

ഇവളല്ലയോ കാമധേനു? നീ തർപ്പിച്ചാലു–
മിവൾക്കായാത്മാവിന്റെ പച്ചപ്പുൽക്കുടന്നകൾ!

## കേവീയം

കേവീയം, കേരളവി–

ജ്ഞാനീയത്തിന്റെ കാന്തമാംഹൃദയം,
പോയെന്നോ? ബഹുവാക്കതു
പൊളിയെന്നാണെന്റെ പക്ഷമിപ്പോഴും.

പ്രത്യക്ഷപ്രകൃതിയിലെ–
സ്സത്യങ്ങളെ നിത്യയൗവനത്തോടെ
തേടിത്തേടിയെടുത്താ–
നിച്ഛാബലി സരളമധുരഗീർവ്വാണൻ.

ആ നിറവാ മിഴിവാ മിക–
വാ നിഖിലാത്മാനുരാഗമാനമ്രം
പഥ്യമെനിക്കീജ്ജീവിത–

രഥ്യയിലിരുളിൽ ജ്വലിച്ചിടും പന്തം.

കേവലമൊരു ചാത്തുവിനെ–
പ്പറ്റിപ്പശുപാലബാലനെപ്പറ്റി
പണ്ടൊരു പടുപാട്ടീ ഞാൻ
പാടിപ്പോയാ പ്രകാശസന്നിധിയിൽ.

കിഞ്ചന മിഴികൾ നിറഞ്ഞും
പുഞ്ചിരികൊണ്ടെന്നെയാശ്വസിപ്പിച്ചും
അന്നദ്ദേഹം ചൊല്ലിയ–
തിന്നും രോമാഞ്ചമാർന്നു കേൾപ്പൂ ഞാൻ.

''കണ്ടൂ ഞാനിച്ചാത്തുവി–
ലമ്പാടിപ്പൈതലിന്റെ മുഖമല്ലോ;
അതുകൊണ്ടാവാം പെട്ടെ–
ന്നാനന്ദത്താൽത്തുളുമ്പിയെൻ നേത്രം.''
അത്രയ്ക്കൊന്നും ധ്വനി ഞാ–
നുദ്ദേശിച്ചില്ല പാട്ടു കെട്ടുമ്പോൾ:
നിധി കിട്ടിയ നിഷ്കിഞ്ചന–
നായ് ഞാൻ കൈകൂപ്പിനിന്നു കൺപൂട്ടി.

അദ്ദേഹത്തിൻ പ്രജ്ഞയി–
ലപ്പോഴവതീർണ്ണമായ ചൈതന്യം
അദ്വൈതാമൃതസിക്തം
ഹൃദ്യോദാരം നിതാന്തനിർമുക്തം

പൂർണ്ണതതൻ നിത്യോജ്ജ്വല–
പൂഷാവിൻ പുണ്യമായ കനിവല്ലോ;
അതിൽ മുങ്ങിപ്പുളകിതനാ–
യല്ലോ ഞാനടിയുറച്ചുനിൽക്കുന്നു.

എങ്ങനെയെവിടെപ്പോകാ–
നെന്നിൽജ്ജീവിച്ചിരിക്കുമാസ്സത്യം?
കേവീയം പോയെന്നതു
പൊളിയെന്നാണെന്റെ പക്ഷമിപ്പോഴും.

# താമരത്തോണി

**കേ**ശാദിപാദം കവിയായ്

കാഞ്ഞങ്ങാട്ടു പിറന്നവൻ,

അർദ്ധായുസ്സുവരെപ്പേരാ–
റ്റിങ്കൽ മുങ്ങിക്കുളിച്ചവൻ,

കുഞ്ഞിരാമൻ നായരെന്ന
വിശ്വവിസ്മയകാരകൻ,

അനശ്വരത്വത്തിലൂടെ–
ദ്ദീർഘയാത്ര തുടങ്ങുവാൻ

സ്വന്തം വേർപ്പിൻ തുറമുഖ–
ത്തെത്തുമീ ഭാഗ്യപൂർത്തിയിൽ

ഈ മുഹൂർത്തത്തിലീ ഭൗമ–

വിജയത്തിന്റെ ബിന്ദുവിൽ

അനന്തായുതനിശ്ശബ്ദ–
കർമ്മമൊപ്പം മുളപ്പതും

ഒപ്പം തളിർത്തുപൂത്തൊപ്പം
കായ്ച്ചു മൂത്തു പഴുപ്പതും

കണ്ടു ഞാനെൻ യുഗത്തിന്റെ
കോടി കോടിമുഖങ്ങളും

വിസ്മയിക്കെ, ക്കവിക്കുള്ള
താമരത്തോണിയെത്തവേ,

ദേഹത്തിൽനിന്നു വേർപെട്ടാ–
ക്കവിതൻ കീർത്തിവിഗ്രഹം

താമരത്തോണിപ്പടിമേ–
ലൊരു കാലടിയൂന്നവേ,

കരയ്ക്കു പഞ്ചഭൂതത്തിൻ
തടവിൽപ്പെട്ടു നിൽപ്പവൻ

കണ്ണടപ്പഴുതിൽക്കൂടി–
യെന്നെസ്സൂക്ഷിച്ചുനോക്കവേ,

ഖദർജുബ്ബക്കയ്യു നീട്ടി–
പ്പുൽകവേ, കണ്ണടയ്ക്കവേ,

വിളിച്ചു പറയാൻ തോന്നി–
പ്പോകയാണുൾക്കുരുന്നിൽ മേ,

''വിശ്വാസമല്ലോ വിജയം,
ജീവിതം, സത്യമൊക്കെയും''

ഃഃഃ

വിശ്വസിപ്പാനാവുമെങ്കിൽ
വിശ്വസിപ്പിൻ സഖാക്കളേ,

ഭാവിതൻ ഗർഭാശയത്തി–
ലുറങ്ങുന്ന യുഗങ്ങളേ,

എന്റെ കാലത്താളുകളെ
ശ്ശുശ്രൂഷിക്കുന്നു നിച്ചലും

യുക്തി പാട്ടായണക്കെട്ടായ്
കൃത്രിമോപഗ്രഹങ്ങളായ്.

കൊണ്ടാടിപ്പോന്നിതബ്ബുദ്ധി –
വികാസങ്ങളെയൊക്കെ ഞാൻ:

സേവനത്തിന്റെ പേരേടി–
ലവയും വരവല്ലയോ?

എങ്കിലും യുക്തിതൻ ഭൂത–
ക്കണ്ണാടിയിലദൃശ്യമായ്

ഉള്ളതെന്തും മായയെന്നു
വിധിപ്പാൻ ശക്തിയില്ല മേ.

കണ്ണാലേ കണ്ടതെമ്മട്ടിൽ

കണ്ടില്ലെന്നോതിടേണ്ടു ഞാൻ?

ഓർത്തു കോരിത്തരിക്കുന്നൂ
രോമകൂപങ്ങളിപ്പൊഴും.

കണ്ടിരിക്കുന്നു ഞാൻ കണ്ണു-
നിറച്ചും പലവട്ടവും

കരിങ്കൽക്കോവിൽപോലെന്നെ-
പ്പുൽകുമീ പ്രേമരൂപനെ.

ഇദ്ദേഹത്തിന്റെ ചീകാത്ത
ശിരസ്സിലവിരാമമായ്

ഉറന്ന ഗംഗാപുണ്യത്തിൽ
മുഴുകീ ഞാൻ പലപ്പൊഴും.

വനദുർഗ്ഗാപ്രസാദത്താൽ
സൗരഭംപൂണ്ട നെറ്റിയിൽ

എഴുതിക്കാൺകയാണിപ്പോൾ
മനക്കൺകൾ മിഴിച്ച ഞാൻ,

''വിശ്വാസമല്ലോ വിജയം,
ജീവിതം, സത്യ,മൊക്കെയും!''

ഊഊഊ

ഏതു യുക്തി രചിച്ചേയ്ക്കു-
മിമ്മാതിരിയൊരുത്തനെ

അന്ധത്തെക്കാളന്ധമായ
വിശ്വാസദ്യുതിയെന്നിയേ?

മരമായ് മൃഗമായ് പിന്നെ
മർത്ത്യനായിപ്പിറപ്പവൻ,

ലോകയോഗക്ഷേമമെന്ന
മഹേച്ഛയെ വരിപ്പവൻ,

മെല്ലെക്കടിച്ചുതിന്നല്ല-
ലുമിനീരിൽ കുതിർപ്പവൻ,

അവിശ്രമപ്രയത്നത്താൽ
പരാനന്ദം പൊഴിപ്പവൻ,

വീണ്ടും വീണ്ടും ജനിച്ചുണ്ടാം
നിസർഗ്ഗാത്മീയദർശനം

അതല്ലയോ യഥാർത്ഥത്തിൽ
കാവ്യസങ്കല്പസൗഭഗം?

മുത്തശ്ശിയാർകാവിൽനിന്നു
തിരിച്ചെത്തുന്നമാതിരി

താൻ വെച്ചു നേദിച്ച നേദ്യം
തലയിൽപ്പൂണ്ട ജീവനിൽ,

പിറന്ന നഗ്നനിൽ ദൃശ്യ-
പ്രപഞ്ചമുരസീടവേ

പൊട്ടിത്തെറിക്കും പൊരിയാം
പൂർണ്ണതാബോധമല്ലയോ

ഭക്തി, വിശ്വാസം, അതിനെ–
ദ്ധിക്കരിക്കുന്ന യുക്തിയും?

ഊഊഊ

എന്തൊക്കെയോ വിചാരിപ്പേൻ,
ശബ്ദിച്ചില്ല,തു ഭാഗ്യമായ്:

താമരത്തോണിയിൽദ്ദേവി
വിളയാടുകയല്ലയോ?

കടഞ്ഞ ശാരദജ്യോൽസ്ന
പോലുള്ള തിരുമേനിയും

സമൃദ്ധവേണിയിൽച്ചന്ദ്ര–
ക്കലതൻ പരിവേഷവും

ഒരു കയ്യിൽശ്ശോണമദ്യം
തുളുമ്പും പാനപാത്രവും

ഒരു കയ്യിൽപ്പുസ്തകവും
തോണിക്കൊമ്പത്തുദിക്കവേ,

വരാഭയങ്ങൾ വർഷിക്കും
കൈകൾ ചുക്കാൻ പിടിക്കവേ,

കുഞ്ഞിരാമൻനായരുടെ
താമരത്തോണി നീങ്ങവേ,

തോണിപ്പടിയിലെക്കീർത്തി–
വിഗ്രഹത്തിന്റെ കൺകളിൽ

ധ്രുവനക്ഷത്രങ്ങൾപോലു–
ള്ളാദർശപുളകങ്ങളിൽ

അനശ്വരപ്രേമഘണ്ടാ–
മൗനം നിന്നു മുഴങ്ങവേ,

കരയ്ക്കു പഞ്ചഭൂതത്തിൻ
തടവിൽപ്പെട്ടു നിൽപ്പവൻ

ദുഃഖത്താലോ സുഖത്താലോ
തുടച്ചീടുന്നു കണ്ണുകൾ?

കീശയിൽക്കയ്യിട്ടെടുത്ത
പേനകൊണ്ടുടനിക്കവി

കൊത്തിവെയ്ക്കുന്നതെന്താവാം
വെള്ളതേയ്ക്കാത്ത ഭാവിയിൽ?

ഊഊഊ

അതെന്തെങ്കിലുമാവട്ടെ,
ഇമവെട്ടാതെതന്നെ ഞാൻ

കാണേണ്ടതിപ്പോൾ കാണുന്നൂ
സഹസ്രം നയനങ്ങളാൽ:

ആനന്ദാശ്രുപ്രവാഹത്തിൽ
തലക്കനമൊലിച്ചുപോയ്

ശുഭാശംസ പൊഴിക്കുന്നൂ

യുഗത്തിൻ ദീർഘദൃഷ്ടികൾ!

ആയുധംവെച്ചു കൈകൂപ്പി
വിളിച്ചോതുകയായി ഞാൻ,

''ജയിക്കുകമരാത്മാവേ!''
കേട്ടാൽ കേട്ടൂ മഹാകവി!

## ബ്രഹ്മസൂത്രം

പട്ടണത്തിൽബ്ബസ്സു കാത്തു
നിൽപ്പേനാപ്പീസ്സിലെത്തുവാൻ;

കോരിക്കുളിക്കുവാൻപോലും
സാധിച്ചില്ലിന്നു രാവിലെ.

ധൂമയോനികളാമുത്ക-
ണ്ഠകളാലിന്നു ചഞ്ചലം

തീരെപ്പെയ്യാതെ വർത്തിപ്പൂ
മനസ്സിന്റെയഹർമ്മുഖം.

വറ്റിപ്പോയ്ക്കിണറപ്പാടേ,
കുടിക്കാനുള്ള വെള്ളവും

നാസ്തിയാമീ ഞാറ്റുവേല-
ച്ചതി നീങ്ങാതെ നില്ക്കുകിൽ.

''എന്തിനീപ്പൂണുനൂലിന്നും
ധരിച്ചീടുന്നു പാഴിൽ നീ?

നിനക്കു ഭാരമീബ്ഭൂത-
കാലത്തിൻ കവചം, സഖേ!''

ഒരാളെൻ കാതിൽ മന്ത്രിച്ചൂ
കുപ്പായത്തിൻകുടുക്കിടാൻ

മറന്നേനല്ലി ഞാനിന്നു?
തുടർന്നൂ സഹയാത്രികൻ;

''കിറുക്കല്ലേ യഥാർത്ഥത്തിൽ-
ച്ചാതുർവ്വർണ്ണ്യവ്യവസ്ഥകൾ?

സംസ്കാരാഭാസങ്ങളല്ലീ
ഷോഡശക്രിയയത്രയും?

എല്ലാജ്ജന്തുക്കളും ദൈവ-
ദൃഷ്ടിയിൽത്തുല്യരല്ലയോ?

ഊരിത്തരൂ, പൂണുനൂലിൽ
മത്തി കോർക്കട്ടെയിന്നു ഞാൻ.''

ഊഊഊ

അപരാധി, ജളൻ, യുക്തി-
ബോധമേ, നിന്റെ മുമ്പിൽ ഞാൻ

സത്യമല്ലാതെ യാതൊന്നും

പറയാൻ ശക്തിയില്ല മേ:

എങ്ങുപോയോ ഞാൻ പഠിച്ച
ശിശുപാഠ, മതിന്നകം

വെച്ചിരുന്ന മയിൽപ്പീലി?
രണ്ടുമജ്ഞേയമെങ്കിലും

മനസ്സിലിന്നുമന്നത്തെ
പ്രിയങ്ങൾ പരിശുദ്ധികൾ

മൂഢമാകിലുമാശ്വാസ–
പ്രദങ്ങളനുഭൂതികൾ

അവശേഷിച്ചു നിൽക്കുന്നൂ
കഴുത്തിൽ ബ്രഹ്മസൂത്രവും

തുളസിത്തളിരിൻ മൂർച്ഛ,
പൂജാമണികൾതൻ ലയം,

ഭദ്രദീപത്തിലെശ്ശാന്തി,
മാലേയമൃദുശൈത്യവും,

മറപ്പേനോ പഞ്ചഗവ്യ–
മധുരാത്മപ്രമോദവും?

മറപ്പേനോ ഈശനെക്ക
ണ്ടെത്തും ദിവ്യമുഹൂർത്തവും?

അമ്പലത്തിരുമുറ്റത്തു
കണ്ടിട്ടുണ്ടന്നൊരിക്കൽ ഞാൻ,

മണ്ണുകൊണ്ടു തടം കെട്ടീ
ബലിക്കല്ലിനു ചുറ്റിലും;

വെള്ളം നിറച്ചൂ തടത്തിൽ–
ബ്ബലിക്കല്ലാണ്ടുപോംപടി;

ദർഭാഗ്രം കൊണ്ടതിൽത്തൊട്ടു
ജപിച്ചു മന്ത്രമാലുകൾ;

തെളിഞ്ഞ മാനത്തുണ്ടായീ
മഴക്കാറിന്റെ ലാഞ്ഛനം

അപ്പോഴും തിരുമുറ്റത്തു
ജപിച്ചൂ മന്ത്രമാലുകൾ

ഒടുവാ മഴമേഘങ്ങ–
ളാദിത്യനെ മറയ്ക്കവേ,

മഴ തുമ്പിക്കൈത്തുടത്തിൽ–
പ്പെയ്തു ലോകം നിറയ്ക്കവേ,

ഒരാളൊഴികെയെല്ലാരും
നിറുത്തീ ജപമെങ്കിലും

നിറുത്തീലാ ശിലാകല്പ–
നൊരാൾ മീലിതലോചനൻ.

കഷണ്ടിത്തലയിൽ സാള–

ഗ്രാമംപോലുള്ള തുള്ളികൾ

വീണുടഞ്ഞിട്ടുമദ്ദേഹ–
മറിഞ്ഞീലാ പരിസ്ഥിതി!

ഇന്നാരുള്ളൂ 'വരുണനെ
മൂടുവാൻ' മൂടിയാലുടൻ

മഴപെയ്യിക്കുവാൻ? പെയ്താൽ
പെയ്തുവെന്നുള്ളിൽ നമ്പുവാൻ?

കണ്ടുനിന്നമ്പരന്നൂ ഞാ–
നന്നാപ്പേമാരിയെങ്കിലും

കണ്ടാലുമില്ല വിശ്വാസ–
മിന്നത്രയ്ക്കു വളർന്നു ഞാൻ.

വളർന്നു ഞാൻ: ബസ്സു വരാ–
നരനാഴിക വൈകിയാൽ

തളർന്നു ഞാൻ, കേഴുകയാ–
യെന്നിലെബ്ബലഹീനത.

എവിടെപ്പോയെന്റെ തട്ടിൻ–
പുറത്തെത്താളിയോലകൾ?

മഷിയിട്ടാരു വായിക്കും?
കണ്ണിൽത്തിമിരമല്ലയോ?

ഗോളാന്തരങ്ങളെ സ്വപ്നം–
കണ്ട ജർമ്മന്റെ കണ്ണുകൾ,

അണുഭേദിച്ച കൈ, സാഭി–
മാനം പറയുമുത്തരം.

ഊഊഊ

വന്നുവോ ബസ്സു? നേരത്തി–
നെത്തുമാപ്പീസ്സിലിന്നു ഞാൻ,

കമ്പിയിന്മേൽത്തൂങ്ങി മുഖം
താഴ്ത്തിനിൽക്കണമെങ്കിലും.

അന്നന്നത്തെദ്ധർമ്മമന്ന–
ന്നാചരിക്കുന്നതല്ലയോ

എന്നത്തെയും ഭാഗ്യം? ആത്മാ–
രാധനം ലോകസേവനം!

ശരി, ഞാനെന്തിനിപ്പോഴും
പൂണുനൂൽച്ചുമടേറ്റണം?

അനർഹമീയലങ്കാരം
വഞ്ചനാത്മകമല്ലയോ?

അപരാധി, ജളൻ, യുക്തി
ബോധമേ, നിന്റെ മുന്നിൽ ഞാൻ;

ശീലംകൊണ്ടീ നൂലഴിച്ചു–
കളയാനിഷ്ടമില്ല മേ.

മുക്കുവബ്രഹ്മർഷിയുടെ
വീട്ടിലീ നൂലുകൊണ്ടൊരാൾ

ആരെ വഞ്ചിക്കും? ശ്രവിപ്പേൻ:
'സർവ്വം ബ്രഹ്മമയം ജഗൽ!'

അഴിക്കാൻ ഞാനഴിച്ചിട്ടു–
മുണ്ടീപ്പൂണൂൽ പലപ്പൊഴും;

അഴിഞ്ഞിട്ടില്ലതെൻ സൂക്ഷ്മ–
ശരീരത്തിങ്കലിപ്പൊഴും;

*വീര്യവും ബ്രഹ്മവർച്ചസ്സും
സർവ്വവേദാധികാരവും

ഇച്ഛിക്കാനഭ്യസിപ്പിച്ച
തീ മൂന്നിഴകളല്ലയോ?

വിടർന്ന കണ്ണാലുത്കർഷ–
സൂര്യരശ്മി പറിച്ചു ഞാൻ

മൂന്നിഴപ്പൂണുനൂലാക്കി–
ദ്ധരിച്ചപ്പോളഭംഗുരം

ഋതമല്ലോ ക്ഷണം കണ്ടേൻ
സൃഷ്ടിസ്ഥിതിലയാത്മകം!

ദ്വിപാത്താരു, ചതുഷ്പാത്താ,–
രാരുതാനിങ്ങജംഗമം?

ത്രിദോഷകൃതപിണ്ഡത്തിൻ
ത്രികാലപരിവൃത്തിയിൽ

നില്ക്കുവാനിടയില്ലാഞ്ഞി–
ട്ടോടിയോടിക്കിതപ്പവർ,

അരപോലും മറയ്ക്കാത്ത
നിഷ്കിഞ്ചനർ, നിരാശ്രയർ,

വെറും ജീവാത്മാക്കൾ നമ്മൾ;
സദാ കാണുന്നു ഞാൻ പൊരുൾ:

എന്നാലുമില്ല നൈരാശ്യ–
ബിന്ദുവെൻ നയനങ്ങളിൽ.

നെഞ്ചിലെ ബ്രഹ്മസൂത്രം ഞാൻ,
കാണുമ്പോൾ തടയുമ്പൊഴും

ത്രിഗുണാത്മികയായെന്നിൽ–
ത്തെളിവൂ പ്രകൃതീശ്വരി.

**എനിക്കമൃതപാനീയ–
മിദം നൽകുന്നു സസ്പൃഹം,

''മനോവാക്കായകാരുണ്യ–
യജ്ഞം ചെയ്യുക നിർഭയം;

ത്യാഗക്ലേശത്തിൽനിന്നാർജ്ജി–
ക്കുക നീ ശാന്തിമല്ലയം;

അതാണല്ലോ ഭൂർഭൂവസ്വർ–
ല്ലോകമോക്ഷണമാം ജയം.''

ൗൗൗ

എങ്കിലും ബസ്സിറങ്ങി സ്വ–
ധർമ്മത്തിൻനേർക്കു പായവേ,

മുക്കുവന്റെ കരാഗ്രത്തിൽ–
ക്കണ്ട മീനിനൊടോതി ഞാൻ:

''വേദം മോഷ്ടിച്ചൊരു ഹയ–
ഗ്രീവനെക്കൊന്ന വീര്യമേ,

തന്നിട്ടുണ്ടേ പൂണുനൂലൊ–
ത്തെന്നെത്തന്നെ നിനക്കു ഞാൻ.''